KOTTAYAM PUBLIC LIBRARY

Call No. 900 Acc. No. 11681

Author. തോമസ് . സി. ജെ

Title. മനുഷ്യന്റെ കഥ

1179

No. 11681

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# മനുഷ്യന്റെ വളർച്ച

(Malayalam)
Manushyante Valarcha
History
By C. J. THOMAS

First Published April 1960
Reprinted August 1960

Printed at
INDIA PRESS, KOTTAYAM

Price Rs. 1.25

Copyright
Mrs. Rosy Thomas

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
**Kottayam Kerala State India**

No. 11681

# മനുഷ്യന്റെ വളർച്ച

KOTTAYAM

സി. ജെ. തോമസ്

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.25

NATIONAL BOOK STALL
SPCS
KOTTAYAM

## സി. ജെ. തോമ്മസിന്റെ

## കൃതികൾ

M900
Tho-M

| | | |
|---|---|---|
| സോഷ്യലിസം | | 1948 ജൂൺ |
| മതവും കമ്മ്യൂണിസവും | | 1948 ജൂലൈ |
| അവൻ വീണ്ടും വരുന്നു | (നാടകം) | 1949 ആഗസ്റ്റ് |
| ഉയരുന്ന യവനിക | (നാടകശാസ്ത്രം) | 1950 ഒക്ടോബർ |
| വിലയിരുത്തൽ | (നിരൂപണങ്ങൾ) | 1951 സെപ്തംബർ |
| ജനുവരി ഒമ്പതു് | (തർജ്ജമ) | 1952 ജൂൺ |
| ഇവനെന്റെ പ്രിയപുത്രൻ | (ലേഖനങ്ങൾ) | 1953 ഏപ്രിൽ |
| 1128-ൽ ക്രൈം 27 | (നാടകം) | 1954 ജനുവരി |
| ശലോമി | ,, | 1954 സെപ്തംബർ |
| അന്റിഗണി (തർജ്ജമ) | ,, | 1955 ഫെബ്രുവരി |
| ആ മനുഷ്യൻ നീതന്നെ! | ,, | 1955 മെയ് |
| ധിക്കാരിയുടെ കാതൽ | (ഉപന്യാസങ്ങൾ) | 1955 മെയ് |
| നട്ടുച്ചയ്ക്കിരുട്ട് | (തർജ്ജമ) | 1955 നവംബർ |
| ഭൂതം ,, | (നാടകം) | 1956 മെയ് |
| രണ്ടു ചൈനയിൽ ,, | | 1956 ഒക്ടോബർ |
| കീടജന്മം ,, | (നാടകം) | 1959 സെപ്തംബർ |
| മനുഷ്യന്റെ വളർച്ച | (ചരിത്രം) | 1960 ഏപ്രിൽ |
| പിശുക്കന്റെ കല്യാണം | (നാടകം) | 1960 ആഗസ്റ്റ് |
| വിഷവൃക്ഷം | ,, | 1960 ആഗസ്റ്റ് |
| ലിസിസ്റ്റ് റാററാ | (തർജ്ജമ) | |

S1112 B696 12/60-61 2-1000

# മുഖവുര

ജീവിതാനുഭവങ്ങളുടെയിടയ്ക്കു് പലപ്പോഴും നമുക്ക് അത്ഭുതങ്ങൾ തോന്നാറുണ്ടു്. നാം ഒരു വിമാനം കാണുന്നു. ഒരു പാട്ടു് കേൾക്കുന്നു. അല്ലെങ്കിൽ കവിത വായിക്കുന്നു. എന്താണതു് എന്നും, എന്നാണതുണ്ടായതു് എന്നും നാം സ്വാഭാവികമായി ചിന്തിക്കും. അങ്ങനെയുള്ള സംശയങ്ങൾക്കെല്ലാം ഉത്തരം ലഭിച്ചു എന്നു വരികയില്ല. മനുഷ്യന്റെ അറിവിനു് ഇന്നും വളരെ പരിമിതികളുണ്ടു്. പക്ഷേ, മനുഷ്യജീവി എങ്ങനെയാണു് ഇന്നത്തെ രൂപത്തിലേക്കു പരിണമിച്ചതു് എന്നതിനെപ്പററി ചില അറിവുകൾ നമുക്കു കിട്ടിയിട്ടുണ്ടു്. ജ്യോതിശ്ശാസ്ത്രവും ജന്തുശാസ്ത്രവും ചരിത്രവും എല്ലാം പലതും കണ്ടുപിടിച്ചു. ഇവയെല്ലാം കൂട്ടിച്ചേർത്താൽ മനുഷ്യവർഗ്ഗത്തിന്റെ ഗതിയുടെ മുഖ്യപ്രവാഹമെന്തെന്നു് നമുക്കു മനസ്സിലാക്കാൻ കഴിയും. ഭൂമിയുടെ ജനനം, ജീവന്റെ ഉത്ഭവം, മനുഷ്യരൂപത്തിന്റെ പരിണാമം, സംസ്കാരത്തിന്റെ ഘടകങ്ങൾ എന്നിവയെപ്പററിയെല്ലാം ലളിതമായ ഒരറിവുണ്ടെങ്കിൽ മാത്രമേ നമുക്കു് ആധുനിക സമുദായത്തിൽ പ്രയോജനകരമായി ജീവിച്ചുപോകാൻ കഴിയൂ.

അജ്ഞതയാണു് ഹ്രസ്വവീക്ഷണത്തിന്റെയും കുത്സിതത്വത്തിന്റെയും മൂലകാരണം. പ്രപഞ്ചത്തിന്റെ പരിണാമവും കാലത്തിന്റെ അനന്തതയും മനസ്സിലാക്കുന്നവൻ അഹങ്കാരിയാകയില്ല. ചരിത്രാതീതവർഗ്ഗങ്ങളുടെ കഥയും വിധിയും കണ്ടവർക്കു് നീതിബോധവും ഔദാര്യവും വർദ്ധിക്കും. മനുഷ്യചരിത്രത്തിന്റെ അടിസ്ഥാനം

അധികാരവും മത്സനവുമല്ല, സംസ്കാരമാണ് എന്ന ബോദ്ധ്യമാകയും ചെയ്യും. അഞ്ഞൂറടി ഉയരമുള്ള പിരമിഡ് പണിത ഫറവോയെക്കാൾ മഹാനാണ്. അതിനുവേണ്ട കണക്കുകൾ കൂട്ടിയെടുത്തയാൾ എന്നു നമുക്കറിയാം. അലക്സാണ്ടർ ഇന്നൊരു സ്മരണമാത്രമാണ്. അരിസ്റ്റോട്ടിലാകട്ടെ ഇന്നും മനുഷ്യവർഗ്ഗത്തിൻെറ ഗുരുനാഥനാണ്. ദാവീദിൻെറ സങ്കീർത്തനങ്ങളാണ്, സൈന്യങ്ങളല്ല അവശേഷിക്കുന്നതു്. സമ്പത്തും സൈനികവിജയവും രാഷ്ട്രാധികാരവും അല്ല നിലനില്ക്കുന്ന ഘടകം എന്ന് ചരിത്രം പഠിപ്പിക്കുന്നു. മനുഷ്യന്റെ പുരോഗതി ശക്തിയിൽക്കൂടിയല്ലാ സംസ്കാരത്തിൽക്കൂടിയാണ് വേണ്ടതെന്നാണു ചരിത്രത്തിൻെറ ഗുണപാഠം. മനുഷ്യനിലെ തിന്മ നിർമ്മാർജ്ജനം ചെയ്തു നന്മയെ വളർത്തിക്കൊണ്ടുവരുന്നതെങ്ങനെയെന്നാണ് നാം മനസ്സിലാക്കേണ്ടതു്. വിവിധരാജ്യങ്ങളിലെ പൂർവ്വികന്മാരുടെ അനുഭവങ്ങൾ പഠിച്ചിട്ടാണ്, മനുഷ്യൻ തന്റെ ഭാവിയെ രൂപീകരിക്കേണ്ടതു്. അന്ന് എങ്ങനെ വളർന്നു എന്ന അറിവാണ് നാളത്തെ വളർച്ചയ്ക്കു വഴികാട്ടി. മനുഷ്യൻ മൃഗമായിത്തീരാനുള്ള പ്രേരണകൾ ശക്തമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പഠനം പ്രത്യേകിച്ചും അനുപത്ഥമാണ്.

—ഗ്രന്ഥകാരൻ

# ഉള്ളടക്കം

ജീവന്റെ ഉൽപത്തി

ഈജിപ്ത്

മെസപ്പൊട്ടേമിയാ

പലസ്തീൻ

യവനനാട്

സംസ്കാരത്തിന്റെ പടിവാതില്ക്കൽ

# ജീവൻെറ ഉൽപത്തി

മനുഷ്യൻ ഇന്നത്തെ മനുഷ്യനായിത്തീന്നതെങ്ങനെ എന്നറിയാനാണ് നാം ശ്രമിക്കുന്നതു്. ആ കഥ കുറെയേറെ ദീർഘവും വളരെ അവ്യക്തവുമാണ്. അതിനാൽ ചുരുങ്ങിയതും ലളിതവുമായ ഒരു ചരിത്രംകൊണ്ടു നാം തൃപ്തിപ്പെടേണ്ടിവരും. വിശദവും പരിപൂണ്ണവുമായ ഒരു വിവരണമെഴുതാൻമാത്രം ചരിത്രഗവേഷണം പുരോഗമിച്ചിട്ടില്ല. ഭൂമിയിൽ അവിടവിടെയായി ഓരോ മനുഷ്യവിഭാഗങ്ങൾ ജീവിച്ചതും വളന്നതും നമുക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അതിപ്രാചീനകാലങ്ങളെപ്പററിയുള്ള ചരിത്രരേഖകളൊന്നുംതന്നെ ലഭ്യമല്ല. പുരാണവസ്തുഗവേഷണം മുതലായ മാഗ്ഗങ്ങളിൽനിന്നു ഗ്രഹിക്കാവുന്ന വസ്തുതകൾമാത്രമാണ് നമുക്കാധാരം. ആ വഴിക്കു പോയാൽ കാണുന്ന ചില സംസ്കാരങ്ങളെപ്പററി ഒരു സംക്ഷിപ്തജ്ഞാനം സമ്പാദിക്കാൻ നമുക്കു ശ്രമിക്കാം.

ഇന്നത്തെ മനുഷ്യൻ എന്നു പറഞ്ഞല്ലോ. എന്താണ് ഇന്നത്തെ മനുഷ്യൻ എന്നു പറഞ്ഞാൽ? സൂര്യനേയും ചന്ദ്രനേയും ചുററി പ്രദക്ഷിണംവയ്ക്കുന്ന ചെറിയ ഉപഗ്രഹങ്ങൾ മനുഷ്യനുണ്ടാക്കി എന്നു നിങ്ങൾ അഭിമാനിക്കുന്നുണ്ടായിരിക്കും. ഈ അത്ഭുതങ്ങൾ സാദ്ധ്യമാ

ക്കിത്തീർത്ത ഗണിതശാസ്ത്രം കണ്ടുപിടിച്ചതും മനുഷ്യൻതന്നെയാണ്. ഇതിലെല്ലാമുപരിയായി സോക്രട്ടീസ്മുതൽ ഗാന്ധിവരെയുള്ള മഹാന്മാരെയും നിങ്ങൾ സ്മരിക്കുന്നുണ്ടായിരിക്കും. രാമായണംപോലുള്ള കൃതികൾ രചിച്ചതു മനുഷ്യനാണെന്ന കാര്യം ഓർമ്മിച്ച് ആഹ്ലാദിക്കുന്നതിലും തെററില്ല.

പക്ഷേ, ഇതുകൊണ്ടുമാത്രം മനുഷ്യൻ സർവ്വശക്തനായിത്തീർന്നു എന്നു നിങ്ങൾ ധരിച്ചുവച്ചിട്ടുണ്ടെങ്കിൽ അതു ശരിയല്ല. വിനയത്തോടുകൂടി ആലോചിച്ചാൽ മനുഷ്യൻ ഇന്നും സംസ്കാരത്തിന്റെ പടിവാതില്ക്കലേ എത്തിയിട്ടുള്ളു എന്നു കാണാം. ഇടിവെട്ടുന്നതു തടയാനോ മഴപെയ്യിക്കാനോ നമുക്കിതുവരെ സാധിച്ചിട്ടില്ല. ലോകസമാധാനം കൈവരുത്താൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. മരണത്തെ ജയിക്കുക എന്നതു് ഇന്നും ഒരു സ്വപ്നം മാത്രമാണ്. നാം പരിപൂർണ്ണതയിൽ എത്തിയിട്ടില്ല.

എങ്കിലും മനുഷ്യൻ പലതും ചെയ്യാൻ പഠിച്ചിട്ടുണ്ടു്. പ്രത്യേകിച്ചു മററു ജീവജാലങ്ങളോടു താരതമ്യപ്പെടുത്തിനോക്കിയാൽ നമുക്കു സന്തോഷിക്കാനുള്ള വകയുണ്ടു്. ചെടികൾക്കു സഞ്ചരിക്കാനാവില്ല. മാൻകൂട്ടങ്ങൾ കടുവായ്ക്കെതിരായി സംഘടിക്കാറില്ല. കന്നുകാലികൾക്കു രോഗചികിത്സ അറിഞ്ഞുകൂടാ. പക്ഷികൾ നമ്മുടെ വിമാനങ്ങളെക്കാൾ ഭംഗിയായി പറക്കുന്നുണ്ടു്. പക്ഷേ, അവ കവിത എഴുതുന്നില്ല. ഇവയും മനുഷ്യനും ഒരേ മൂലവസ്തുവിൽനിന്നുത്ഭവിച്ചതാണെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. ആ സ്ഥിതിക്കു് വളരെ കാര്യങ്ങളിൽ നാം വളർന്നിട്ടുണ്ടെന്നു വ്യക്തമാണ്. ഇതെല്ലാം എങ്ങനെ സംഭവിച്ചു?

## കോടാനുകോടി വർഷങ്ങൾക്കപ്പുറം

ദീർഘദീർഘമായ ഒരു കഥയാണത്. നമുക്കു ചിന്തിക്കാൻവയ്യാത്തത്ര വർഷങ്ങൾക്കുമുമ്പു് പ്രപഞ്ചമെന്നു പറയുന്നതു് ശൂന്യമായ ആകാശത്തിലെ ഒരു മേഘമായിരുന്നുവത്രെ. കോടാനുകോടി പരമാണുക്കളുടെ ഒരു സമൂഹമായിരുന്നു, ഈ മേഘരൂപത്തിലുള്ള പ്രപഞ്ചം. 480,000,000,000 (നാല്പത്തെണ്ണായിരം കോടി) വർഷങ്ങൾക്കു മുമ്പുള്ള അവസ്ഥ ഇതായിരുന്നെന്നു് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുണ്ടു്.

എങ്ങനെയോ ഈ പരമാണുക്കൾ സ്വയം ചുററിത്തിരിയാൻ തുടങ്ങി. അവ ക്രമേണ സമീപസ്ഥമായ അണുക്കളെ ആകർഷിച്ചു. അവ പലതും തമ്മിൽ കൂടിച്ചേർന്നു. അങ്ങനെ അവിടവിടെയായി ആവിർഭവിച്ച ഉരുണ്ട രൂപങ്ങൾ ചുററുമുള്ള അണുക്കളെ ആകർഷിച്ചെടുക്കുന്ന സമ്പ്രദായം അനേകകോടി വർഷക്കാലം തുടർന്നു. ക്രമേണ മേഘരൂപം അപ്രത്യക്ഷമായി. ശൂന്യമായ വിശാലാകാശത്തിൽ അവിടവിടെയായി ഓരോ ഗോളങ്ങൾ ഉണ്ടായിത്തീർന്നു. ഇവയോരോന്നും ആരംഭത്തിലെന്നതുപോലെ സ്വയം കറങ്ങിക്കൊണ്ടുമിരുന്നു.

കൂടിയ വേഗതയിൽ കറങ്ങുന്നതുകൊണ്ടായിരിക്കണം, ഈ ഗോളങ്ങൾ ഓരോന്നായി ചൂടുപിടിക്കാൻ തുടങ്ങി. കുറേക്കാലം കഴിഞ്ഞപ്പോൾ അവ കത്തിജ്ജ്വലിക്കാൻ ആരംഭിച്ചു. അങ്ങനെ കത്തിജ്ജ്വലിച്ചുകൊണ്ടു കറങ്ങുന്ന ഗോളത്തെയാണു് നാം നക്ഷത്രം എന്നു പറയുന്നതു്. അവ എണ്ണത്തിൽ കോടിക്കണക്കിനുണ്ടു്. അവയിൽ ഇടത്തരത്തിലുള്ള ഒന്നാണു് നമ്മുടെ സൂര്യൻ.

ഇങ്ങനെ കത്തുന്ന പല ഗോളങ്ങളിൽനിന്നും

ചെറിയ കഷണങ്ങൾ തെറിച്ചുപോയി. അവയും മാതൃഗോളത്തെപ്പോലെ സ്വയം കറങ്ങിക്കൊണ്ടിരുന്നു. ഭീമമായ നക്ഷത്രങ്ങളുടെ ആകർഷണശക്തിയിൽനിന്നു വിട്ടുപോകാൻ കഴിയാതെവന്നതുകൊണ്ടു് ഈ ചെറിയ ഗോളങ്ങൾ അവയ്ക്കു ചുററും പ്രദക്ഷിണംവച്ചുകൊണ്ടിരുന്നു.

## ഭൂമിയുടെ ജനനം

സൂര്യനിൽനിന്നു് ഈ രീതിയിൽ ഒമ്പതു ശകലങ്ങൾ തെറിച്ചുപോയതായി നമുക്കറിയാം. അവയെ ഗ്രഹങ്ങൾ എന്നു പറയുന്നു. നാം അധിവസിക്കുന്ന ഭൂഗോളം അവയിലൊന്നാണു്. ഭൂമിക്കുചുററും കറങ്ങുന്ന ചന്ദ്രഗോളം ഭൂമിയിൽനിന്നു തെറിച്ചുപോയ ഒരു ഉപഗ്രഹമായിരിക്കണം.

ആദ്യകാലങ്ങളിലെല്ലാം ഈ ഗ്രഹങ്ങൾ കത്തിയെരിഞ്ഞുകൊണ്ടിരുന്നു. പക്ഷേ, ക്രമേണ അവ തണുത്തു. കുറേശ്ശ ഉറയ്ക്കാനും തുടങ്ങി. പുറമേയുള്ള ചൂടെല്ലാം കുറഞ്ഞപ്പോഴാണു് വായുമണ്ഡലവും വെള്ളവും ഉണ്ടായതു്. കട്ടിയായിത്തീർന്ന ചില ഭാഗങ്ങൾ ഭൂഖണ്ഡങ്ങളായി വെള്ളത്തിൽനിന്നു് ഉയർന്നുനിന്നു. എല്ലാ ഉപഗ്രഹങ്ങളുടെയും അനുഭവം ഇതുതന്നെയാണോ എന്നു നിശ്ചയമില്ല. ചില ഗ്രഹങ്ങളിൽ വായുമണ്ഡലമുണ്ടു്. ചന്ദ്രമണ്ഡലത്തിൽ അങ്ങനെയൊന്നു് ഇല്ലെന്നാണു വച്ചിരിക്കുന്നതു്.

## ജീവന്റെ ആരംഭം

അങ്ങനെയിരിക്കുമ്പോഴാണു് മറെറാരത്ഭുതം സംഭവിച്ചതു്. ഭൂമുഖത്തു് ജീവൻ പ്രത്യക്ഷപ്പെട്ടു. എങ്ങനെയാണതുണ്ടായതു് എന്നും, എപ്പോഴാണതുണ്ടായതു്

എന്നും ആരും കണ്ടുപിടിച്ചിട്ടില്ല. ജലത്തിലായിരിക്കണം ജീവൻ ഉത്ഭവിച്ചതെന്നു് ഒരഭിപ്രായമുണ്ടു്. പരമാണുപ്രായമായ ഈ ജീവിയിൽനിന്നാണു് ഇന്നു നാം ഭൂമിയിൽ കാണുന്ന എണ്ണമററ ജീവജാലങ്ങൾ രൂപംപ്രാപിച്ചതു്. ജന്തുക്കളുടെയും സസ്യങ്ങളുടെയും ഉത്ഭവം അതിൽനിന്നുതന്നെ ജലത്തിലുണ്ടായ നിസ്സാരജീവികൾ വളർന്നു മത്സ്യരൂപത്തിലും മററുമെത്തി. അടുത്ത ദശയിൽ കുറേശ്ശ വെള്ളത്തിലും കുറേശ്ശ കരയിലും ജീവിക്കുന്ന ജന്തുക്കളുണ്ടായി. ചീങ്കണ്ണി, തവള മുതലായ ജന്തുക്കളുടെ ജീവിതരീതി നമുക്കറിവുള്ളതാണല്ലോ. കരയിൽ ജീവിക്കാൻ പഠിച്ച ജന്തുക്കൾ പലതും വെള്ളത്തിലേക്കു തിരിച്ചുപോയില്ല. അക്കാലത്തെ ജീവികൾ സസ്യങ്ങളെയും ഇതരജീവികളെയും ഭക്ഷിച്ചായിരിക്കണം വളർന്നതു്. ഈ ഘട്ടത്തിൽ വളർച്ചയ്ക്കു് കുറേക്കൂടി വേഗതയുണ്ടായി. ഏതാണ്ടു് ഒരേരൂപത്തിൽ ആരംഭിച്ചിരിക്കാനിടയുള്ള ജീവികൾ കാലക്രമത്തിൽ വിചിത്രമായ രൂപഭേദങ്ങൾ കൈക്കൊണ്ടു.

അന്നുണ്ടായിരുന്ന ജീവികളിൽ ഒന്നുംതന്നെ ഇന്നു ഭൂമിയിലില്ല. ഇന്നത്തെ ജീവികൾ ഈ രൂപത്തിൽ അന്നുണ്ടായിരുന്നുമില്ല. ആ പഴയ ചെടികളും ജന്തുക്കളും ഓരോരോ അംശത്തിൽ മാററംപ്രാപിച്ചു് രൂപാന്തരപ്പെട്ടതാണു് ഇന്നത്തെ ജീവജാലങ്ങൾ. ഈ മാററത്തിനു് ശാസ്ത്രജ്ഞന്മാർ കൊടുത്ത പേരാണു് പരിണാമം.

ഭൂമിയിൽ അവിടവിടെയായി കുഴിച്ചുനോക്കിയാൽ അനേകതരത്തിലുള്ള അസ്ഥികൾ കണ്ടെത്തും. അവയെല്ലാം ചേർത്തുവച്ചു നോക്കുമ്പോൾ അത്ഭുതം തോന്നിക്കുന്ന ആകൃതിയുള്ള പല ജീവികളും അന്നുണ്ടായിരുന്നുവെന്നു് നമുക്കു മനസ്സിലാകും. നാൽക്കൊമ്പനാനകൾ,

വാളുപോലെ പല്ലുകളുള്ള കടുവാ, ഭീമാകാരമായ മുതലകൾ, അങ്ങനെ പലതിൻെറയും അസ്ഥിപഞ്ജരം കിട്ടിയിട്ടുണ്ട്. പരിണാമത്തിൻെറ ഗതിയെക്കുറിച്ച് മനുഷ്യവർഗ്ഗത്തിനു് അറിവു ലഭിച്ചതു് ഈ പ്രാചീനാവശിഷ്ടങ്ങളിൽനിന്നാണു്. അതിൽനിന്നു തെളിയുന്നതു് എല്ലാവിധ ജീവജാലങ്ങളും നിരന്തരമായ പരിണാമഗതിയുടെ ഫലമാണെന്നാണു്. അക്കൂട്ടത്തിൽ മനുഷ്യനും ഉൾപ്പെടുന്നു.

## മനുഷ്യൻ പ്രത്യക്ഷപ്പെടുന്നു

ഏകദേശം മനുഷ്യസാദൃശ്യമുള്ള ഒരു ജീവി പരിണമിച്ചിട്ട് മൂന്നുലക്ഷം വർഷത്തിലധികമായിട്ടില്ല എന്നു ചില ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. കുരങ്ങിൻേറതു പോലെയുള്ള അസ്ഥിപഞ്ജരങ്ങൾ ഭൂമിയുടെ പല ഭാഗങ്ങളിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ട്. കുരങ്ങിൽനിന്നു വ്യത്യസ്തമായ ഒരു ജീവിയുടേതാണു് അവ എന്നും പറയുന്നു. ആ ജീവികളായിരിക്കാം മനുഷ്യൻെറ പൂർവ്വപിതാമഹന്മാർ. ഈ വർഗ്ഗം എവിടെ ഉത്ഭവിച്ചുവെന്നു് നമുക്കറിവില്ല. പല കാലങ്ങളിലായി പല സ്ഥലങ്ങളിൽ ഉണ്ടായതാണോ എന്നും നിശ്ചയമില്ല. അമേരിക്കയിൽനിന്നും ചൈനയിൽനിന്നും ആസ്ത്രേലിയയിൽനിന്നും ഹിമാലയത്തിലെ മഞ്ഞുകട്ടികളുടെയിടയിൽനിന്നുമെല്ലാം ഇത്തരം അസ്ഥികൾ ലഭിച്ചിട്ടുണ്ട്. ഏതായാലും ജന്തുവർഗ്ഗത്തിലെ ഈ ഉപവിഭാഗം ഇതരവിഭാഗങ്ങളെക്കാൾ വേഗതയോടെ പരിണാമം പ്രാപിച്ചു എന്നു വിചാരിക്കുന്നതിൽ തെററില്ല. പല മൃഗങ്ങളും ചെയ്യുന്ന കാര്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നുണ്ട്. ചിതലിൻ്റെ പുററും തേനീച്ചയുടെ ജീവിതരീതിയും എല്ലാം വളരെ

രസകരമാണ്. ആ ജന്തുക്കളുടെ വളർച്ചയ്ക്കും അതു തെളിവാണ്. പക്ഷെ, മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളിൽ മിക്കതും മൃഗങ്ങൾക്ക് ചെയ്യാൻ കഴിവില്ല. ഒരു കല്ലെടുത്തെറിയാനോ വടികൊണ്ടടിക്കാനോ കഴിവുള്ള മൃഗങ്ങൾ കുറയും. യാതൊരു മൃഗവും ഭക്ഷണം വേവിച്ചു തിന്നുന്നില്ല; വസ്ത്രം ധരിക്കുന്നുമില്ല. വെറും പ്രാകൃതനായ മനുഷ്യനുപോലും ഉണ്ടായിരുന്ന സിദ്ധികളാണിവയെല്ലാം.

ചിന്തിക്കാനുള്ള ശക്തിയിൽ മനുഷ്യജന്തുവിന് ഒരു മഹാപരിവർത്തനമുണ്ടായി എന്നാണ് ഇതിനർത്ഥം. ജന്മവാസനകൊണ്ടു് ഓരോന്നു ചെയ്യുന്നതിനുപകരം ആലോചിച്ചു പ്രവർത്തിക്കുവാൻ അവനു കഴിവുണ്ടായി. അതിന്റെ ഫലമായിട്ടാണ് അവന് ഉപകരണങ്ങൾ പ്രയോഗിക്കുവാനുള്ള ബുദ്ധി ഉദയംചെയ്തതു്. അനുഭവജ്ഞാനം സഹചരന്മാർക്കും അനന്തരതലമുറകൾക്കും പകർന്നുകൊടുക്കുവാനുള്ള കഴിവും അങ്ങനെയാണുണ്ടായതു്.

**കാടത്തത്തിന്റെ കാലഘട്ടം**


ഈ കാലഘട്ടത്തിൽ മനുഷ്യൻ വെറുമൊരു കാടനായിരുന്നു. പഴങ്ങളും കിഴങ്ങുകളും പറിച്ചു തിന്നുക, ജന്തുക്കളെയും മത്സ്യത്തെയും പിടിച്ചുതിന്നുക, ഇതൊക്കെയായിരുന്നു അന്നത്തെ തൊഴിൽ. കാലാവസ്ഥയിൽനിന്നു് ഒഴിയാൻ ഗുഹകളിലും വന്യമൃഗങ്ങളിൽനിന്നു രക്ഷനേടാൻ വൃക്ഷശിഖരങ്ങളിലും അഭയംതേടുന്ന സമ്പ്രദായം അവൻ പഠിച്ചു. ഇന്നത്തെ അർത്ഥത്തിൽ ഭാഷയെന്നു പറയാവുന്ന ഒന്നു് അന്നുണ്ടായിരുന്നില്ല. സ്വയരക്ഷയ്ക്കുവേണ്ടി ശത്രുക്കളുമായി യുദ്ധംചെയ്യുമെന്ന

ല്ലാതെ സംഘംചേരുന്ന വിദ്യ അവനറിഞ്ഞുകൂടായിരു ന്നു. വളരെക്കാലത്തെ കാടത്തത്തിനു ശേഷമാണു് ജന്തു ക്കളെ വളത്തൽ, കൃഷി, ഭാഷ, കുടുംബം മുതലായ സംസ്കാര രൂപങ്ങൾ മനുഷ്യവൎഗ്ഗം പഠിച്ചതു്. പക്ഷെ, സാവ ധാനത്തിലാണെങ്കിലും പഠിച്ച കാൎയ്യങ്ങൾ ഓൎമ്മിക്കുവാ നും മററുള്ളവരെ പഠിപ്പിക്കുവാനും ഉള്ള കഴിവു് അ വൻ സമ്പാദിച്ചുകഴിഞ്ഞപ്പോൾ അവന്റെ വളൎച്ചയ്ക്കു് വേഗത കൂടി. അന്നുമുതൽ മനുഷ്യവൎഗ്ഗത്തിന്റെ ശാ രീരികപരിണാമം മിക്കവാറും നിലച്ചു. മാനസികവും സാമൂഹ്യവുമായ പരിവൎത്തനം ആരംഭിച്ചു.

ജീവിതത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ആയുധങ്ങൾ ഉണ്ടാക്കുവാനും യുദ്ധമുറകൾ അഭ്യസി ക്കാനും തുടങ്ങിയതിനുപുറമേ അവൻ സംഘംചേർന്നു പൊതുശത്രുക്കളെ നേരിടാൻ പഠിക്കയും ചെയ്തു. ഭക്ഷ ണസാധനശേഖരണവും കൃഷിയുമെല്ലാം കാലക്ഷേപമാ ൎഗ്ഗത്തിനു കണ്ടെത്തിയ ഉപാധികളായിരുന്നു. പ്രാകൃത രൂപത്തിലാണെങ്കിലും മനുഷ്യൻ ഭവനനിൎമ്മാണമാരംഭി ച്ചു. ഇണചേരലിന്റെയും സന്താനസംരക്ഷണത്തിന്റെ യും താല്പൎയ്യമാണു് കുടുംബബന്ധത്തിൽ കാണുന്നതു്. അനുഭവംകൊണ്ടു് അനിവാൎയ്യമെന്നു ബോദ്ധ്യമായ പെരു മാററമൎയ്യാദകൾ സന്മാർഗ്ഗബോധത്തിന്റെ ആരംഭം കുറിക്കുന്നു. കൂടിയിരുന്നു കഥപറഞ്ഞും ഗുഹാഭിത്തിക ളിൽ ചിത്രംവരച്ചും അവർ കലയേയും ജനിപ്പിച്ചു. ഈ മനുഷ്യസിദ്ധികളെല്ലാം കൂടിച്ചേർന്ന അവസ്ഥയ്ക്കാണു് നാം സംസ്കാരമെന്നു പറയുന്നതു്. ഉത്തരോത്തരം വ ൎദ്ധിക്കുന്ന സംസ്കാരമാണു് മനുഷ്യരാശിയുടെ ആദ ൎശം. സംസ്കാരത്തിന്റെ വളർച്ചയാണു് ചരിത്രം.




പ്രാചീനകാലങ്ങളിലെ പശ്ചിമേഷ്യൻപ്രദേശം



പ്രാചീന ഈജിപ്ഷ്യൻചിത്രത്തിൽ പക്ഷികളെ വേട്ടയാടുന്നതും മത്സ്യത്തെ കുന്തം ചാണ്ടി പിടിക്കുന്നതും കാണിച്ചിരിക്കുന്നു.

## സംസ്കാരത്തിന്റെ ഉദയം

കിരാതത്വത്തിൽ കഴിഞ്ഞുകൂടിയിരുന്ന മനുഷ്യവർഗ്ഗം മേല്പറഞ്ഞ സംസ്കാരാംശങ്ങളിൽ എങ്ങനെയെല്ലാം വളൎന്നു എന്നാണു് നമുക്കറിയേണ്ടതു്. ഇന്നു മനുഷ്യൻ അസാധാരണമായ പല ശക്തികളുടെയും നാഥനാണു്. ഏതാനും നൂററാണ്ടുകളിൽ നടന്ന കഥകൾ അറിയാനും വിഷമമില്ല. അതിനുംമുമ്പു്, കിരാതത്വത്തിൽ നിന്നു രക്ഷനേടിയതിനുശേഷം, ഗണ്യമായ എന്തെങ്കിലും നേട്ടങ്ങൾ മനുഷ്യൻ ഉണ്ടാക്കിയോ എന്നറിയേണ്ടതാണു്. അവയുടെ സ്വഭാവവും രൂപവും മനസ്സിലാക്കുകയും വേണം. പുരാണവസ്തുഗവേഷകന്മാരുടെ പരിശ്രമഫലമായി ആ കാലഘട്ടത്തെപ്പററി നമുക്കു കുറെ അറിവുകൾ കിട്ടിയിട്ടുണ്ടു്. ചൈനാ, ഇന്ത്യാ, ബാബിലോണിയാ, സിറിയാ, ഈജിപ്തു്, പെറു, മെക്സിക്കൊ മുതലായി ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള അനേകം സ്ഥലങ്ങളിൽ അതിപ്രാചീനകാലങ്ങളിൽ ഓരോ ജനതകൾ പാൎത്തിരുന്നുവെന്നും അവർ ഓരോതരം സംസ്കാരം പുലൎത്തിയിരുന്നുവെന്നും തെളിഞ്ഞിട്ടുണ്ടു്. അതിനെ തുടൎന്നാണു് യവനറോമൻസംസ്കാരങ്ങൾ ഉണ്ടായതു്. ഇവയെക്കൂടാതെ പിന്നെയും സംസ്കാരകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടു്. അവയെല്ലാംകൂടി ഒരുമിച്ചു് എടുത്താൽ മനുഷ്യനു് അഭിമാനിക്കാൻമാത്രം വകയുണ്ടു്. പക്ഷെ, സ്ഥലപരിമിതികൊണ്ടു് അവയിൽ ചിലതുമാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കുന്നുള്ളു. ഈജിപ്തു്, ബാബിലോൺ, പലസ്തീൻ എന്നിവയാണതിൽ പ്രധാനം.

# ഈജിപ്ത്

തീർച്ചയായും നിങ്ങൾ സൂയസ്തോടിനെപ്പററി കേട്ടിരിക്കും. ആഫ്രിക്കയേയും ഏഷ്യയേയും തമ്മിൽ വേർതിരിക്കുന്ന ഒരു തോടാണതു്. മെഡിറ്ററേനിയൻകടലിൽനിന്നു കപ്പലുകൾക്കു് ചെങ്കടലിലേയ്ക്കു കടന്നു് ഇന്ത്യയിലെത്തുവാൻവേണ്ടി മനുഷ്യർ വെട്ടിയുണ്ടാക്കിയതാണു് സൂയസ്തോടു്. ഈ തോടിൻെറ പടിഞ്ഞാറുവശത്തു് ഒരു രാജ്യമുണ്ടു്: ഈജിപ്തു്. ലോകത്തിലെ ഏററവും വലിയ നദികളിലൊന്നായ നൈൽനദി അതിന്റെ മദ്ധ്യത്തിൽക്കൂടിയാണു് ഒഴുകുന്നതെങ്കിലും ഈജിപ്തു് രാജ്യത്തിൻെറ ചുററും മരുഭൂമികളാണു്. പ്രാചീനകാലത്തും അങ്ങനെതന്നെയായിരുന്നു. അനേകവർഗ്ഗങ്ങൾ അവിടെ പാർത്തിട്ടുണ്ടു്; അനേകരാജവംശങ്ങൾ അതു ഭരിച്ചിട്ടുണ്ടു്. ഷേക്സ്പീയറുടെ നാടകത്തിൽ കാണുന്ന ക്ലിയോപാട്രായാണു് പുരാതന ഈജിപ്തിൻെറ അവസാനത്തെ രാജ്ഞി. അവർ ക്രിസ്തുവിനു് അമ്പതുവർഷം മുമ്പു മരിച്ചു. പക്ഷേ, കഥയവിടെയല്ല തുടങ്ങുന്നതു്; അതിനും വളരെ മുമ്പാണു്. ഈജിപ്തിൻെറ ചരിത്രത്തിനു മുപ്പതിനായിരം വർഷം പഴക്കമുണ്ടു്.

മുപ്പതിനായിരം വർഷങ്ങൾക്കു മുമ്പു് ഒരു രാജ്യത്തു് എന്തു സംഭവിച്ചു എന്നു കണ്ടുപിടിക്കുന്നതെങ്ങനെ, എന്നു നിങ്ങൾ അത്ഭുതപ്പെട്ടേക്കും. അതു വളരെ വിഷമമുള്ള ഒരു കാര്യംതന്നെ, സംശയമില്ല. അതുകൊണ്ടു് നമുക്കതും അറിയണം.

## ശിലാരേഖ

പതിനെട്ടാം നൂററാണ്ടിൽ ഫ്രഞ്ചുപട്ടാളത്തിലെ സേനാനായകനായിരുന്ന നെപ്പോളിയൻ ഒരു സൈന്യവുമായി ഈജിപ്തിലെത്തി. പഴയ തലസ്ഥാനമായ അലക്സാൻഡ്രിയായിൽ താവളമടിച്ചു. അവിടെനിന്നു് ഇന്ത്യയിലെത്തി ബ്രിട്ടീഷുകാരെ ഓടിച്ചു്, ഇന്ത്യ പിടിച്ചടക്കുകയായിരുന്നു അദ്ദേഹത്തിൻെറ പരിപാടി. പക്ഷേ, ഈജിപ്തിൽവച്ചുതന്നെ യുദ്ധത്തിൽ തോററതുകൊണ്ടു് നെപ്പോളിയനു നാട്ടിലേക്കു തിരിച്ചുപോകേണ്ടിവന്നു. അങ്ങനെ പരാജയപ്പെട്ട ആ പദ്ധതിയിൽനിന്നു് സുപ്രധാനമായ ഒരു സംഭവമുണ്ടായി. നെപ്പോളിയനു ബ്രൂസാർഡ് എന്നു പേരായി ഒരു ഉദ്യോഗസ്ഥനുണ്ടായിരുന്നു. അലക്സാൻഡ്രിയായ്ക്കടുത്തുള്ള ഒരു കോട്ടയിലാണു് അയാറം വാസമുറപ്പിച്ചിരുന്നതു്. ജോലിയൊന്നുമില്ലാത്ത അവസരങ്ങളിൽ അടുത്തുള്ള നൈൽനദിയുടെ തീരങ്ങളിൽ സുലഭമായിക്കണ്ട പ്രാചീനാവശിഷ്ടങ്ങറം കണ്ടു നടക്കുകയായിരുന്നു ബ്രൂസാർഡിൻെറ പതിവു്. ഇടിഞ്ഞുപൊളിഞ്ഞ ക്ഷേത്രങ്ങളുടെയും കൊട്ടാരങ്ങളുടെയും അവശിഷ്ടങ്ങറംകൊണ്ടു് ആ ഭാഗമെല്ലാം നിറഞ്ഞിരുന്നു. അവയിൽ പലതിലും ശിലാരേഖകളും ഉണ്ടായിരുന്നു. പക്ഷേ, പണ്ടത്തെ ഈജിപ്ഷ്യൻഭാഷ ആക്കും വായിക്കാനറിഞ്ഞുകൂടാതിരുന്നതുകൊണ്ടു് ആരും അതിൽ ശ്രദ്ധിച്ചില്ല. അങ്ങനെയിരിക്കെയാണു് ഒരു ശിലാരേഖ ബ്രൂസാർഡിൻെറ കണ്ണിൽ പെട്ടതു്. അതിൽ ഈജിപ്ഷ്യൻഭാഷയ്ക്കു പുറമേ ഗ്രീക്കുഭാഷയിലുള്ള എഴുത്തുമുണ്ടായിരുന്നു. രണ്ടു ഭാഷകളിലും എഴുതിയിരിക്കുന്നതു് ഒരേ കാര്യമാണെങ്കിൽ ഈജിപ്ഷ്യൻ ഭാഷയുടെ

താക്കോൽ അതിൽനിന്നു കണ്ടുപിടിക്കാം എന്നു ബ്രൂസാർഡ് മനസ്സിലാക്കി. പക്ഷേ, യുദ്ധത്തിൽ തോററു് പെട്ടെന്നു ഫ്രഞ്ചുകാർക്കു സ്ഥലംവിടേണ്ടിവന്നതുകൊണ്ടു് ബ്രൂസാർഡിനു് ആ ശിലാരേഖ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഭാഗ്യവശാൽ വിജയികളായ ഇംഗ്ലീഷുകാർ ആ കല്ലും പൊക്കിയെടുത്തു് ഇംഗ്ലണ്ടിലേയ്ക്കു കൊണ്ടുപോയി. ഈജിപ്തിൻെറ ചരിത്രം മനസ്സിലാക്കുവാൻ മനുഷ്യവർഗ്ഗത്തിനു് ആദ്യമായി ലഭിച്ച തുമ്പാണു് ആ കല്ലിൻകഷണം.

പക്ഷേ, ആ ലിഖിതം വായിച്ചെടുക്കുവാൻ മുപ്പതു വർഷത്തെ താമസം വേണ്ടിവന്നു. ജീവിതം മുഴുവനും ഈജിപ്തിനെപ്പററി പഠിക്കുവാൻ ഉഴിഞ്ഞുവച്ച ഷാമ്പില്ലൻ എന്നൊരാളാണു് അതു വായിച്ചു മനസ്സിലാക്കിയതു്. ആ കല്ലിലുണ്ടായിരുന്നതു് ടോളമി അഞ്ചാമൻ എന്ന രാജാവിന്റെയും അദ്ദേഹത്തിന്റെ രാജ്ഞി ക്ലിയോപാട്രായുടെയും കഥയാണു് (മുമ്പുപറഞ്ഞ ക്ലിയോപാട്രായുടെ അമ്മൂമ്മയാണു് ഈ രാജ്ഞി). ഈജിപ്തുകാരുടെ പ്രാചീനഭാഷയിലെ അക്ഷരങ്ങളും മററും മനസ്സിലായതിനുശേഷം അനേകം ഗവേഷകന്മാർ പഠനം നടത്തി വളരെയേറെ കാര്യങ്ങൾ മനസ്സിലാക്കി. അങ്ങനെയാണു നമുക്കിന്നു് ഈജിപ്ഷ്യൻ സംസ്കാരത്തെപ്പററി ചില കാര്യങ്ങൾ അറിയാൻ കഴിയുന്നതു്.

### ഭക്ഷ്യാന്വേഷണം

മനുഷ്യചരിത്രത്തിൻെറ അടിസ്ഥാനമാണു ഭക്ഷണം തേടൽ. ജീവിക്കുന്ന സ്ഥലത്തു ഭക്ഷണത്തിനു ക്ഷാമം നേരിട്ടാൽ മനുഷ്യൻ മററു സ്ഥലങ്ങൾ തേടിപ്പോകും. സുഭിക്ഷതയുള്ള പ്രദേശങ്ങളിൽ അവൻ സ്ഥിരവാസ

മുറപ്പിക്കും. നൈൽനദിയുടെ ഇരുകരകളിലുമുള്ള പ്രദേശം ഫലഭൂയിഷ്ഠമാണെന്നു പ്രസിദ്ധമായിരുന്നു. സുലഭമായി കിട്ടുന്ന വെള്ളത്തിനുപുറമെ പതിവായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽനിന്നടിഞ്ഞുകൂട്ടുന്ന എക്കൽ ആ നാടിനെ ഒന്നാംതരം കൃഷിസ്ഥലമാക്കി. നദിയിലാണെങ്കിൽ ധാരാളം മത്സ്യവുമുണ്ടായിരുന്നു. ഇതിനെല്ലാം പുറമേ രാജ്യത്തിനു ചുററും കണ്ണെത്താത്ത മരുഭൂമികളായിരുന്നതുകൊണ്ടു് അലഞ്ഞുതിരിയുന്ന അക്രമിവർഗ്ഗങ്ങൾക്കു് അവിടെവന്നു കൊള്ളചെയ്തു തിരിച്ചുപോകാനും അത്ര എളുപ്പമായിരുന്നില്ല. വെള്ളപ്പൊക്കക്കാലത്തു വിശാലമായ നൈൽനദിയിൽ കാണുന്ന ദ്വീപുകളിൽ താമസിക്കുന്നവരുടെ കാര്യം പ്രത്യേകിച്ചും സുരക്ഷിതമായിരുന്നു. ഈ സൗകര്യങ്ങൾ മനസ്സിലാക്കിയ അനേകവർഗ്ഗങ്ങൾ ക്രമേണ ഈജിപ്തിലേക്കു സംക്രമിച്ചു. ആഫ്രിക്കൻ വനങ്ങളിൽനിന്നു ചുരുണ്ട തലമുടിയും തടിച്ച ചുണ്ടുമുള്ള ഒരു വർഗ്ഗം ഈജിപ്തിലെത്തി. ഏഷ്യയിൽനിന്നു മഞ്ഞനിറമുള്ള ഒരു വർഗ്ഗം വന്നു. അങ്ങനെ പലകൂട്ടരും പലഭാഗങ്ങളിൽനിന്നു വന്നു് വാസമുറപ്പിച്ചു. അവരെല്ലാം തമ്മിൽ എപ്പോഴും സമരംചെയ്തിരുന്നു. അതേസമയംതന്നെ അവർ ഇഷ്ടികയുണ്ടാക്കുകയും വീടുപണിയുകയും ചെയ്തു. കാലക്രമത്തിൽ നൈൽതീരത്തു് അനേകം ഗ്രാമങ്ങൾ ഉയൎന്നുവന്നു. മത്സരം ക്രമേണ ഒതുങ്ങി എല്ലാം ചേൎന്നു് ഒരു വർഗ്ഗമായി പരിണമിച്ചു. നാട്ടിലെ സമൃദ്ധി എല്ലാവരെയും സംതൃപ്തരാക്കുന്ന വിധത്തിലായിരുന്നതുകൊണ്ടു് അവരുടെ പെരുമാററത്തിൽ ഒരു വലിയ മാററം സംഭവിച്ചു. അവർ ഹൃദയാലുക്കളായിത്തീൎന്നു. ക്രൂരമായ പ്രവൃത്തികൾ അപൂൎവ്വമായി. പരിമിതമായ പ്രയത്നം മാത്രം മതിയായിരുന്നതുകൊണ്ടു്

അലസത വൎദ്ധിച്ചു. പകൽ കുറച്ചുസമയം അവർ കൃഷിപ്പണിചെയ്യും. മിച്ചമുള്ള സമയം അവർ ഓരോ വിനോദത്തിനായി ചെലവാക്കും. അങ്ങനെ അവർ സന്തോഷമായി കഴിഞ്ഞുവന്നു.

## ഈശ്വരന്മാർ

പക്ഷേ, പ്രകൃതിശക്തികളെക്കുറിച്ചുള്ള ചില ആശങ്കയും ഭയവും അവരെ വിട്ടുമാറിയിരുന്നില്ല. കല്ലും മരവും ഈശ്വരനായി സങ്കല്പിച്ച് ആരാധിക്കുന്ന സമ്പ്രദായം അവിടെ സാധാരണമായിരുന്നു. അതിനും പുറമെ മറെറാരു പ്രത്യേകതകൂടി കാണാനുണ്ട്. മരണത്തോടുകൂടി ജീവിതമവസാനിക്കുന്ന കാര്യം ഈജിപ്തുകാൎക്ക് ഇഷ്ടമായില്ല. മരണാനന്തരം ഒരു നിത്യജീവിതമുണ്ടെന്നും ലോകജീവിതം കേവലം ഒരു പീഠിക മാത്രമാണെന്നും അവർ വിശ്വസിച്ചു. അങ്ങനെയാണ് മരിച്ചവരെ ആരാധിക്കുന്ന സമ്പ്രദായം ഈജിപ്തിൽ ആരംഭിച്ചത്. ഓരോ ഗ്രാമത്തിനും അതിന്റെ സ്വന്തം ഈശ്വരന്മാരുണ്ടായിരുന്നു. മരക്കൊമ്പുകളിലും വിചിത്രാകൃതിയിലുള്ള കല്ലുകളിലുമൊക്കെയാണവയുടെ വാസം എന്നായിരുന്നു വിശ്വാസം. പുഷ്പങ്ങൾ, ഭക്ഷ്യസാധനങ്ങൾ മുതലായവ അവയ്ക്കു നിവേദിക്കുകയും പതിവായിരുന്നു. യുദ്ധങ്ങളുണ്ടാകുമ്പോൾ ഓരോ ഗ്രാമക്കാരും അവരുടെ ഈശ്വരനെ കൂടെ കൊണ്ടുപോകും. ഇങ്ങനെ എണ്ണമററ ദേവതകൾ ഉണ്ടായിരുന്നിട്ടും ഈജിപ്തുകാൎക്ക് തൃപ്തിയായില്ല. ചില മുഖ്യദൈവങ്ങൾ വേണമെന്ന് അവൎക്കു തോന്നി. പ്രകൃത്യാരാധനയുടെ കൂറേക്കൂടി വിശാലമായ രൂപങ്ങൾ അവിടെ നിലവിൽ വന്നു. സൂൎയ്യൻ, നൈൽനദി, ഇടിവെട്ട്, മിന്നൽപ്പിണർ, ചന്ദ്രൻ മുതലായവ

No 11681



നാട്ടിന്ന് പൊതുവായ ദൈവങ്ങളായിത്തീൎന്നു. ഈശ്വരനെക്കുറിച്ച് അവക്കുള്ള ബോധം വെറും ഭയത്തിൽ നിന്നു നന്മയോടുള്ള ഭക്തിയായി ഉയൎന്നു എന്ന് അവരുടെയിടയിൽ അക്കാലത്തു പ്രചരിച്ചിരുന്ന ഒരു കഥ തെളിയിക്കുന്നുണ്ടു്. കഥയിതാണു്:

"പണ്ടുപണ്ടു് ഓസീറിസ് എന്നൊരു രാജാവു് നൈൽതാഴ്‌വര ഭരിച്ചിരുന്നു. അദ്ദേഹം ഒരു പുരുഷോത്തമനായിരുന്നു. അദ്ദേഹമാണ് പ്രജകളെ നിലമുഴവാൻ പഠിപ്പിച്ചതു്. നീതിയും ന്യായവും തികഞ്ഞ അനേകം നിയമങ്ങൾ അദ്ദേഹമുണ്ടാക്കി.

"അദ്ദേഹത്തിനു സെത്ത് എന്നു പേരായ ഒരനുജനുണ്ടായിരുന്നു. സെത്ത് ദുഷ്ടനാണ്. അയാൾക്കു് ഓസീറിസിനോടു് ശക്തിയായ അസൂയയുമുണ്ടു്. ഒരുദിവസം സെത്ത് ഓസീറിസിനെ വിരുന്നിനു ക്ഷണിച്ചു. വിരുന്നിനുശേഷം സെത്ത് ഓസീറിസിനെ വിചിത്രമായ ഒരു ശവപ്പെട്ടികാണിച്ചു. അതിൽ കിടന്നുനോക്കിയാൽ അതിന്റെ സവിശേഷതകൾ അറിയാൻ സാധിക്കും എന്നുപറഞ്ഞു് ഓസീറിസിനെ അതിൽ കിടക്കാൻ സെത്ത് പ്രേരിപ്പിച്ചു. ഓസീറിസ് അതിൽ കിടന്ന ഉടനെ സെത്ത് അതു് നൈൽനദിയിൽ എറിഞ്ഞുകളഞ്ഞു. വിവരമറിഞ്ഞു് ഓസീറിസിന്റെ ഭാൎയ്യ ഐസിസ് നൈൽതീരത്തിൽച്ചെന്നു കാത്തുനിന്നു. കുറച്ചുകഴിഞ്ഞു് നൈൽനദി പെട്ടി കരയ്ക്കടുപ്പിച്ചു. പെട്ടിയെടുത്തു കൊട്ടാരത്തിൽ വച്ചിട്ടു് ഐസിസ് തന്റെ പുത്രൻ ഹോറസിനെ അന്വേഷിച്ചു പോയി. ഹോറസ് മറെറാരു രാജ്യം ഭരിക്കുകയായിരുന്നു. ഐസിസ് പോയ ഉടനെ സെത്ത് പെട്ടിതുറന്നു് ഓസീറിസിന്റെ ശരീരം പതിനാലു കഷണമാക്കി മുറിച്ചു. ഐസിസ് തിരിച്ചുവന്നപ്പോൾ അതു

കണ്ടു. അവർ ആ പതിനാലുകഷണങ്ങളും കൂട്ടിത്തയ്ച്ചു. അപ്പോഠം ഓസീറിസിനു ജീവൻ തിരിച്ചുകിട്ടി. അന്നു മുതൽ ഓസീറിസ് ചിരകാലം പാതാളരാജാവായിരിക്കുന്നു. സെത്ത് രക്ഷപെടാൻ ശ്രമിച്ചെങ്കിലും ഹോറസ് അയാളെ പിടികൂടി വധിച്ചു."

ഈശ്വരന്മാരെക്കുറിച്ച് ഈജിപ്തുകാർക്കുണ്ടായിരുന്ന മറെറാരു കഥ ഇതാണു്: "റാ എന്ന ദൈവം ലോകം സൃഷ്ടിച്ചുകഴിഞ്ഞു് അതു സ്വയം ഭരിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെയാണു് മനുഷ്യൻ മര്യാദവിട്ടു പെരുമാറുവാൻ തുടങ്ങിയതു്. റാ അതുകണ്ടു ക്ഷോഭിച്ചു് ഭരണാധികാരം തന്റെ മക്കളായ ഫറവോമാക്കു വിട്ടുകൊടുത്തു് ആകാശത്തിലേക്കു തിരിച്ചുപോയി. എല്ലാ ദിവസവും റാ മിന്നിത്തിളങ്ങുന്ന ഒരു വഞ്ചിയിൽകയറി ആകാശത്തിൽക്കൂടിവേട്ടയാടും. അന്ധകാരത്തിന്റെ പിശാചിനെയാണു വേട്ടയാടുന്നതു്. എല്ലാദിവസവും വൈകുന്നേരം വഞ്ചി പാതാളത്തിലെത്തും. അടുത്ത പ്രഭാതത്തിൽ പിന്നെയും ആകാശത്തിലേക്കു വരികയും ചെയ്യും." ഈ കഥയനുസരിച്ചാണു് ഫറവോരാജാക്കന്മാർ സൂര്യവംശജരാണെന്നവകാശപ്പെട്ടതു്.

ഇതുകൂടാതെ മറ്റു പല ദേവന്മാരും ഈജിപ്തുകാർക്കുണ്ടായിരുന്നു. മററു കർഷകജനതകഠക്കുള്ളതുപോലെയായിരുന്നു അവരുടെയും വിശ്വാസങ്ങഠ. ഈജിപ്തുകാരുടെ ജീവിതമാർഗ്ഗം കൃഷിയായിരുന്നു. കിട്ടിയ സ്ഥലങ്ങളെല്ലാം അവർ കൃഷിചെയ്തു. ഗോതമ്പും മുന്തിരിയും മററുമായിരുന്നു പ്രധാനകാർഷികോല്പന്നങ്ങഠ. മണ്ണുകൊണ്ടുണ്ടാക്കിയ ഇഷ്ടികകഠ ഉപയോഗിച്ചു വീടുപണിയാൻ അവർ പഠിച്ചു. വീടുകളുടെ അകം സാധാരണയായി വളരെ ഉഷ്ണം കുറഞ്ഞിരിക്കും. മുകളിലുള്ള മച്ചിൽ

ഇരുന്നു കാറ്റുകൊള്ളുന്ന സമ്പ്രദായവും അന്നുണ്ടായിരുന്നു. ഭിത്തികളിൽ അവർ ചിത്രങ്ങൾ വരയ്ക്കും. വീട്ടുസാമാനങ്ങൾ ഭംഗിയായി ഉണ്ടാക്കാൻ അവക്കറിയാമായിരുന്നു. വീട്ടിനുചുററും പച്ചക്കറിത്തോട്ടങ്ങളും മുന്തിരിത്തോട്ടങ്ങളും ഉണ്ടായിരിക്കും. താമരക്കുളങ്ങളിൽ മത്സ്യം വളത്തിയിരുന്നു. ഇത്തരം കുളങ്ങളുടെ കരയിൽ പാപ്പിറസ് എന്നു പറയുന്ന ഓടച്ചെടികൾ വളന്നിരുന്നു (ഇതിൽനിന്നാണു് കടലാസുണ്ടാക്കിയിരുന്നതു്). കുഞ്ഞുങ്ങൾക്കു കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്ന സമ്പ്രദായംപോലും അന്നത്തെ ഈജിപ്തുകാക്കറിയാമായിരുന്നു.

**വളത്തുമൃഗങ്ങൾ**

കൃഷിക്കുപുറമെ ഈജിപ്തുകാർ ചിലതരം ജന്തുക്കളെ ഇണക്കി വളത്താൻ പഠിച്ചു. കന്നുകാലി, കഴുത, ആട്ട്, പന്നി, വാത്ത, താറാവ് എന്നിവയെല്ലാം ഈജിപ്തിൽ സുലഭമായിരുന്നു. ഇതിനെല്ലാംപുറമെ നദിയിൽനിന്നു മത്സ്യത്തെ കുന്തംചാണ്ടി പിടിക്കുന്ന വിദ്യയും അവർ പഠിച്ചു. കൃഷിസംബന്ധിച്ചു് അവർ കണ്ടുപിടിച്ച ചില സമ്പ്രദായങ്ങൾ ശ്രദ്ധേയമാണു്. വെള്ളപ്പൊക്കത്തിനെതിരായി ചിറകെട്ടാനും വെള്ളമില്ലാത്തപ്പോൾ കുളങ്ങൾ ഉണ്ടാക്കി വെള്ളം തേകിയൊഴിക്കാനും അവക്കറിയാമായിരുന്നു. നൈൽനദിയിൽ അവർ വഞ്ചിയോടിച്ചു. ധനികന്മാക്കു വളരെ വലിയ വഞ്ചികളുണ്ടായിരിക്കും. ഏററവും വലിയ വഞ്ചി രാജാവിന്റേതായിരുന്നു.

**എഴുത്തുഭാഷ**

പക്ഷേ, ഇവയിലെല്ലാം മുഖ്യമായ ഈജിപ്ഷ്യൻ കണ്ടുപിടുത്തം അക്ഷരജ്ഞാനമാണു്. ആ കാലത്തിനു

മുമ്പ് അക്ഷരങ്ങളുണ്ടായിരുന്നില്ല. ഈജിപ്ത്തുകാരുടെ അന്നത്തെ എഴുത്തുഭാഷ ചിത്രങ്ങൾപോലെയിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ അല്പംകൂടി ലളിതമായ ഒരു എഴുത്തുസമ്പ്രദായവും അവർ കണ്ടുപിടിക്കുകയുണ്ടായി. പാപ്പിറസ് എന്ന ചെടിയിൽനിന്നുണ്ടാക്കുന്ന ഒരുതരം കടലാസിലാണ് അവർ എഴുതിക്കൊണ്ടിരുന്നതു്. (ഏതാണ്ട നമ്മുടെ താളിയോലകൾ പോലെ). എഴുതുന്നതു് ഒരുതരം ഓടൽക്കഷണങ്ങൾ ചായത്തിൽ മുക്കിയിട്ടാണ്. ധനികന്മാരുടെ ധനത്തിൻെറയും മററും കണക്കുകൾ, നീതികഥകൾ, പഴഞ്ചൊല്ലുകൾ, ചരിത്രശകലങ്ങൾ, ഗണിതശാസ്ത്രം മുതലായവയെല്ലാം അവർ എഴുതാൻ പഠിച്ചു. (ഒരു വർഷത്തെ 365 ദിവസങ്ങളായിട്ടും, ആഴ്ചയ്ക്കു് ഏഴുദിവസങ്ങളായിട്ടും നിശ്ചയിച്ചതു് അന്നുള്ള ഈജിപ്ത്തുകാരാണെന്നതു് അത്ഭുതംതന്നെ). എഴുത്തുപഠിച്ച ഒരു പ്രത്യേകവിഭാഗംതന്നെ അവർക്കുണ്ടായിരുന്നു. എഴുത്തിനുള്ള സാമഗ്രികൾ എന്തെല്ലാമായിരുന്നുവെന്നറിയുമ്പോൾ നമുക്കു രസം തോന്നും. ഓടൽകൊണ്ടുള്ള തൂലിക, പേനാക്കത്തി, ചായം, ചായം കൂട്ടാനുള്ള പലക, ചായത്തിൻെറ വസ്തുക്കൾ അരയ്ക്കാനുള്ള കുഴിഞ്ഞ ചാണയും കല്ലും, വെള്ളത്തിനുള്ള പാത്രം, ഇവയെല്ലാം സംഭരിച്ചുവയ്ക്കാനുള്ള തുകൽസഞ്ചി, ഇത്രയുമാണ് എഴുത്തുകാരുടെ ഉപകരണങ്ങൾ.

ഇങ്ങനെ വളർത്തിക്കൊണ്ടുവന്ന ഭാഷയാണ് അവർ അനേകായിരം കല്ലുകളിൽ കൊത്തിവച്ചതു്. അങ്ങനെ കല്ലുകളിൽ കൊത്തിവയ്ക്കുകയും കടലാസിലും ഭിത്തിയിലും വരച്ചുവയ്ക്കുകയുംചെയ്ത രേഖകളിൽനിന്നു നമുക്ക് ഈജിപ്തിൻെറ പഴയ കാലങ്ങളെപ്പററി പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈജിപ്തിൽ

തുടർച്ചയായി മുപ്പതു രാജവംശങ്ങൾ വാണിരുന്നുവെന്നു പറയുമ്പോഴറിയാമല്ലോ ആ രാജ്യത്തിന്റെ ചരിത്രമെത്ര ദീർഘമാണെന്ന്.

## യുദ്ധങ്ങൾ

മററു കാർഷികരാജ്യങ്ങളെന്നപോലെ ഈജിപ്തും അന്യരാജ്യങ്ങളെ ആക്രമിക്കുന്നതിൽ വിമുഖത കാണിച്ചു. സമാധാനപരമായ അവരുടെ മനോഭാവത്തെ കാണിക്കുന്ന ഒരു കഥയും അവക്കുണ്ട്.

"സിറിയാരാജ്യം ആക്രമിക്കാൻപോയ ഒരു ഈജിപ്ഷ്യൻ കപ്പൽ കൊടുങ്കാററിൽപ്പെട്ടു മുങ്ങി. അതിലുണ്ടായിരുന്ന ഒരു നാവികൻ ഒരു ദ്വീപിൽ ചെന്നുപററി. അവിടെ സുഖമായി താമസിക്കാമെന്നു വിചാരിക്കുമ്പോൾ നീലരത്നംകൊണ്ടുണ്ടാക്കി സ്വർണ്ണം പൊതിഞ്ഞ ഒരു ഭയങ്കരസർപ്പം അയാൾക്കു പ്രത്യക്ഷപ്പെട്ടു. ഭയപ്പെട്ടു വിറച്ചുനിന്ന നാവികനോട് ആ സർപ്പം പറഞ്ഞു: 'നീ ഭയപ്പെടേണ്ട. നിന്നെ രക്ഷിക്കാൻ ഇപ്പോൾ ഒരു കപ്പൽ വരും. നീ കപ്പലിൽ കയറിക്കഴിയുമ്പോൾ ഈ ദ്വീപു താഴ്ന്നുപോകയുംചെയ്യും.' സർപ്പം പറഞ്ഞതുപോലെ ഒരു കപ്പൽ പ്രത്യക്ഷപ്പെട്ടു നാവികനെ രക്ഷപ്പെടുത്തി. നാവികൻ തിരിഞ്ഞുനോക്കിയപ്പോഴേയ്ക്കും ദ്വീപ് അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു."

ഇങ്ങനെയൊക്കെയാണെങ്കിലും ചിലപ്പോഴൊക്കെ യുദ്ധങ്ങളുണ്ടായി. ഈജിപ്തിന്റെ സമ്പത്തു കണ്ട് അവിടെ വന്നു താമസിക്കാൻ ശ്രമിച്ച പല വർഗ്ഗക്കാരും രാജ്യം ആക്രമിച്ചു. അവരിൽ മുഖ്യവർഗ്ഗത്തിനെ 'ഹിസ്കോസ്' എന്നാണു പറയുക. ഈ വാക്കിന് ഈജിപ്തുകാരുടെ ഭാഷയിൽ ആട്ടിടയന്മാർ എന്നാണർത്ഥം.

കിഴക്കൻ മരുഭൂമികളിൽനിന്നു വന്ന ഈ വർഗ്ഗം വളരെ ക്രൂരന്മാരായിരുന്നു. അവർ ജയിച്ചു നാട്ടുകാരെ മർദ്ദിക്കാൻ തുടങ്ങി. കുറെക്കഴിഞ്ഞു് ആമെസ് എന്ന ഒരു നാടൻരാജാവിന്റെ നേതൃത്വത്തിൽ ഈജിപ്തുകാർ ഹിസ്കോസിനെ തോല്പിച്ചോടിച്ചു. ഈ ആക്രമണത്തിൽനിന്നു് ഈജിപ്തിനു് ഒരു ഗുണമുണ്ടായി. കുതിരകളെയും രഥങ്ങളെയും യുദ്ധത്തിനുപയോഗിക്കുന്ന വിദ്യ ഈജിപ്തുകാർ പഠിച്ചതു് ഹിസ്കോസിൽനിന്നാണു്. അക്കാലത്തിനുശേഷം ഈജിപ്തുകാർ യുദ്ധത്തിൽ കുറെക്കൂടി സാമർത്ഥ്യം കാണിച്ചു. പല രാജാക്കന്മാരും ആക്രമികളെ തോല്പിക്കുകയും അടുത്തുള്ള രാജ്യങ്ങൾ കീഴടക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെയാണു സിറിയായും മററും ഫറവോമാരുടെ കീഴിൽ വന്നതു്.

ഇത്തരം യുദ്ധങ്ങളിൽനിന്നു് ഫറവോമാർ വളരെ സമ്പത്തു് കൊള്ളചെയ്തു കൊണ്ടുവന്നു. അക്കൂട്ടത്തിൽ അനേകം അടിമകളെയും അവർ കൊണ്ടുവന്നു. ഈ അടിമകളെക്കൊണ്ടു് കൃഷിപ്പണി ചെയ്യിക്കുക പതിവായിരുന്നു. കെട്ടിടങ്ങൾ പണിയുവാനും അവർ പ്രയോജനപ്പെട്ടു. ഇങ്ങനെ സമ്പത്തു വർദ്ധിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ മറെറാരു കാര്യവും അവിടെ നടന്നുകൊണ്ടിരുന്നു. സാധാരണകൃഷിക്കാർ ദരിദ്രരായിത്തീർന്നു് ഉള്ള സമ്പത്തെല്ലാം ചിലരുടെ കൈയിൽ ചെന്നുകൂടി അവിടെ ഒരു പ്രഭുവർഗ്ഗം ഉണ്ടായി. അവരുടെ തൊഴിൽ രാജസേവയായിരുന്നു. പ്രജകളെ ഒതുക്കിനിറുത്തുവാനും, കരം പിരിക്കുവാനും, യുദ്ധങ്ങളിൽ സേനാനായകത്വം വഹിക്കുവാനും എല്ലാം നിയുക്തരായതു് ഈ പ്രഭുവർഗ്ഗമാണു്. സമർത്ഥന്മാരെല്ലാം പ്രഭുക്കന്മാരായിത്തീരുകയും സാധാരണകൃഷിക്കാർ കൂടുതൽ ദരിദ്രരായിത്തീരുകയും

ചെയ്തു. അവർ കൃഷിചെയ്തുണ്ടാക്കുന്നതിൽ വലിയൊരു പങ്ക് രാജഭോഗമായി അവരിൽനിന്നും എടുക്കപ്പെട്ടു. ഇതിനുപുറമേ ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, ശവകുടീരങ്ങൾ മുതലായ പൊതുമന്ദിരങ്ങൾ പണിയാൻ പ്രയത്നിക്കാൻ അവർ നിർബ്ബന്ധിതരായിത്തീൎന്നു. യഥാൎത്ഥത്തിൽ അവരുടെ നില അടിമകളുടേതിനേക്കാൾ കഷ്ടമായിത്തീൎന്നു എന്നു പറയാം. അവരെ അടിക്കുകയും പട്ടിണിയിടുകയും ചെയ്യുക പതിവായിരുന്നു. അപൂൎവ്വമായി വല്ലപ്പോഴും അവർ അനുസരണക്കേടു കാണിച്ചാൽ അവരെ അമൎത്താൻ പ്രഭുക്കന്മാർ തയ്യാറാകും. ഈ ആവശ്യത്തിനു് ഓരോ ഗ്രാമത്തിലും ഗ്രാമത്തലവന്മാർ നിയുക്തരായി. നിയമങ്ങൾ പാലിക്കേണ്ടതും രാജാവിൻെറ ഹിതം നടത്തേണ്ടതും കരംപിരിക്കേണ്ടതും എല്ലാം അവരാണു്. സൗജന്യസേവനത്തിനു് ആളുകളെ നിർബ്ബന്ധിക്കേണ്ടതും അവർതന്നെ. ഈ ഗ്രാമത്തലവന്മാരുടെമേൽ പ്രഭുക്കന്മാൎക്കു് അധികാരമുണ്ടായിരുന്നു. അവരുടെയെല്ലാം മുകളിൽ ഫറവോരാജാവും. നാട്ടിൽ നിയമങ്ങളുണ്ടാക്കുക, റോഡുകൾ പണിയിക്കുക, സൈന്യം ശേഖരിക്കുക മുതലായ പൊതുക്കാൎയ്യങ്ങളെല്ലാം ഫറവോയുടെ അധികാരത്തിലായിരുന്നു.

ഇങ്ങനെ ഒരു സാമൂഹ്യസംഘടന ഉണ്ടായതിൽ അനീതികൾ കാണാമെങ്കിലും അതിനു് ഒരു നല്ല വശവുമുണ്ടു്. അനേകമാളുകൾ കൂടിജീവിക്കുമ്പോൾ ഓരോരുത്തനും അവനവൻെറ സ്വന്തം കാൎയ്യംമാത്രം നോക്കിയാൽ പോരാ. അതു നിരന്തരമായ കലഹത്തിനു വഴിവയ്ക്കുകയായിരിക്കും. ശക്തിയുള്ള ദുഷ്ടന്മാർ മററുള്ളവരെ എല്ലാം ദ്രോഹിക്കും. മാത്രമല്ല മനുഷ്യർ പെരുമാറേണ്ട സമ്പ്രദായത്തെപ്പററി യാതൊരു തീരുമാനങ്ങളും ഉണ്ടാ

യിരിക്കയില്ല. നിയമങ്ങൾ ഉണ്ടെങ്കിൽത്തന്നെ അവ നടപ്പിലാക്കുവാൻ ആക്കും കഴിയുകയില്ല. ഈജിപ്തുപോലെയുള്ള ഒരു രാജ്യത്തു് യോജിച്ച് പ്രവത്തിക്കാതെ നിവൃത്തിയില്ലാത്ത മററു കായ്യങ്ങളുമുണ്ടു്. നൈൽനദിപോലെ പതിവായി വെള്ളപ്പൊക്കമുണ്ടാകുന്ന ഒരു നദിയിൽ അണക്കെട്ടുകളും മററുമുണ്ടാക്കുവാനും, നാട്ടിൽ പൊതുനിരത്തുകൾ ഉണ്ടാക്കുവാനും വ്യക്തികളോ ഗ്രാമങ്ങൾ മാത്രമോ ശ്രമിച്ചാൽ സാധിക്കുകയില്ല. അതിനെല്ലാം ആയിരക്കണക്കിനുള്ള ആളുകൾ പണിയെടുക്കണം. അത്രയേറെ ആളുകളെ ഒരുമിച്ചുചേക്കാനും അവരെ നയിക്കാനും അധികാരം ഉള്ള ഒരാൾക്കേ കഴിയൂ. അങ്ങനെ കൂടിയെതീരു എന്നുവന്ന ഒരുതരം സാമൂഹ്യസംഘടനയാണു് ഫറവോമാരുണ്ടാക്കിയതു്. നാം അതിനു രാഷ്ട്രം എന്നു പറയുന്നു. ഇന്നു ലോകത്തിലുള്ള മനുഷ്യരെല്ലാം ഏതെങ്കിലും ഒരു രാഷ്ട്രത്തിൻെറ അംഗങ്ങളാണു്. ഇന്ത്യാ, ചൈനാ, ഇംഗ്ലണ്ടു് എന്നൊക്കെ പറയുന്നതു് ഓരോ രാഷ്ട്രങ്ങളാണു്. ഇങ്ങനെ രാഷ്ട്രങ്ങളില്ലാത്ത ഒരു സ്ഥിതി ഊഹിക്കുവാൻതന്നെ നമുക്കു കഴിയുകയില്ല. എന്നാൽ പ്രാചീനകാലത്തു് ഇങ്ങനെയൊന്നും ഉണ്ടായിരുന്നില്ല. അറിയപ്പെട്ടുന്ന ചരിത്രത്തിൽ ആദ്യമായി അങ്ങനെയൊന്നുണ്ടായതു് ഈജിപ്തിലാണു്. മനുഷ്യസംസ്കാരത്തിനു് ഈജിപ്തുകാർ നല്കിയ അതിപ്രധാനമായ ഒരു സംഭാവനയാണതു്. അതിൻെറ ഗുണവും അവരനുഭവിച്ചു. അക്കാലത്തു പരസ്പരം കലഹിച്ചുനടന്ന ജനങ്ങൾ നശിച്ചുപോയപ്പോൾ ഈജിപ്തുകാർ ഉന്നതമായ ഒരു സംസ്കാരം സൃഷ്ടിച്ചു. ആ വഷ്ഗം മുഴവനും ചത്തുകഴിഞ്ഞിട്ടും അന്നവർ സൃഷ്ടിച്ച അത്ഭുതങ്ങൾ ഇന്നും അവശേഷിക്കുന്നുണ്ടു്. അയ്യായിരം വർഷം മുമ്പാണു്


ഈജിപ്റ്റ് രാഷ്ട്രം എന്ന സംഘടന കണ്ടുപിടിച്ചതു്. ശത്രുക്കളെ യോജിച്ചുനിന്നെതിർത്തു തോല്പിക്കാൻ അവക്കു കഴിഞ്ഞു. അവർ നിയമങ്ങൾ നിർമ്മിച്ചു, പാലിച്ചു, സമാധാനപരമായ സാമൂഹ്യജീവിതം നയിച്ചു. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലും ശാസ്ത്രം വളർത്തുന്നതിലുമെല്ലാം മറക്കാനാവാത്ത സിദ്ധികൾ കൈവരിച്ചു. അന്നു് അങ്ങനെ സ്ഥാപിച്ച മഹിമയാണു് ഇന്നും ഈജിപ്റ്റിൻെറ പ്രസിദ്ധി നിലനിറുത്തുന്നതു്.

ഈജിപ്റ്റിൻെറ പ്രസിദ്ധിയിൽ ഏററവും മുഖ്യമായ ഇനം പിരമിഡുകളാണു്. എന്താണിവ?

## പിരമിഡുകൾ

നേരത്തേ പറഞ്ഞല്ലോ, ഇഹലോകജീവിതം പരലോകജീവിതത്തിൻെറ ഒരു മുന്നോടിയായി മാത്രം ഈജിപ്തുകാർ കണക്കാക്കിയിരുന്നുവെന്നു്. ഈ വിശ്വാസംമൂലം ശവസംസ്കാരത്തിൻെറ കാര്യത്തിൽ അവർ വളരെ താല്പര്യം കാണിച്ചു. ഈ ലോകത്തിൽ നമുക്കുള്ള ശരീരത്തോടുകൂടിത്തന്നെയാണു് നാം പരലോകത്തിലെത്തുന്നതെന്ന വിശ്വാസമാണവക്കുണ്ടായിരുന്നതു്. അങ്ങനെയാണെങ്കിൽ ഇവിടെ മനുഷ്യനു് ആവശ്യമുള്ളതെല്ലാം അവിടെയും ഉണ്ടായിരിക്കണമല്ലോ. ഈ ധാരണയുടെ ഫലമായി ശവസംസ്കാരത്തിൽ രണ്ടു സമ്പ്രദായങ്ങൾ വളന്നുവന്നു. ഒന്നു്, ശരീരം കേടുവരാതെ സൂക്ഷിക്കുക. രണ്ടു്, സംസ്കരിക്കപ്പെടുന്നവനു് ആവശ്യമുള്ള വസ്തുക്കളെല്ലാം കൈയെത്തുന്ന അകലത്തിൽത്തന്നെ സംഭരിക്കുക. ആദ്യകാലത്തു് ഇതൊന്നും പറയത്തക്ക തോതിൽനടന്നിരുന്നില്ല. പക്ഷേ, ക്രമേണ പ്രഭുവർഗ്ഗങ്ങളുയന്നുവന്നതോടുകൂടി അവക്കു ശവസംസ്കാരത്തിലുള്ള താല്പര്യം വർദ്ധിച്ചു. തമ്മിൽത്തമ്മിലുള്ള മത്സരവും അതിനു


സഹായിച്ചു. ആദ്യമെല്ലാം ശവം വയ്ക്കുന്ന കുഴിയിൽ ഒരു ദീർഘയാത്രയ്ക്കു് അവശ്യം വേണ്ട സാധനങ്ങൾ എല്ലാം നിക്ഷേപിക്കുന്ന രീതി തുടങ്ങി. കഴിവനുസരിച്ചു കൂടുതൽ വിഭവങ്ങൾ നിക്ഷേപിക്കാനുള്ള വാസന ഈജിപ്ഷ്യൻ സംസ്കാരം നിലനിന്നനാൾ മുഴവനും തുടന്നു. ശവംവച്ച കുഴിയുടെ മേൽ മണ്ണുകൊണ്ടു് ഒരു സ്തംഭമുണ്ടാക്കുന്ന സമ്പ്രദായമായിരുന്നു മറെറാന്നു്. ഇതും ക്രമേണ വളന്നു. നല്ല ഇഷ്ടികകൾകൊണ്ടു പണിതുയത്തിത്തുടങ്ങി. രാജാക്കന്മാർ ഇതുകൊണ്ടും തൃപ്തിപ്പെടാതെ കല്ലുകൊണ്ടുതന്നെ സ്മാരകങ്ങൾ പണിതു. അക്കാലമായപ്പോഴേയ്ക്കും മരിച്ച മനുഷ്യശരീരം ചീഞ്ഞുപോകാതെ സൂക്ഷിക്കുന്നതിനുള്ള ഒരു വിദ്യ ഈജിപ്തുകാർ കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. ഇന്നും മനുഷ്യക്കറിവില്ലാത്ത ഏതോ ഒരു വിദ്യയാണതു്. ആ സമ്പ്രദായമനുസരിച്ചു സംസ്കരിച്ച ശരീരങ്ങൾ ഇന്നും കേടുപാടുകൂടാതെയിരിക്കുന്നുണ്ടു്. മമ്മി എന്നാണവയുടെ പേർ. വിചിത്രമായ ശവപ്പെട്ടികളിൽ വച്ചു് അവയ്ക്കു ചുററും വളരെയേറെ വിലപിടിച്ച വസ്തുക്കളും വച്ചാണു് ഫറവോമാരെ സംസ്കരിച്ചിരുന്നതു്. ശവകുടീരത്തിൻെറ അകത്തെ ചുമരുകളിൽ അന്നു വരച്ച ചിത്രങ്ങൾ ഇന്നും അവശേഷിക്കുന്നുണ്ടു്. പക്ഷേ, ഇവയിലേററവും അത്ഭുതം കുഴിക്കുമേൽ പണിതുയത്തിയ സ്മാരകങ്ങൾതന്നെ. നാലുവശത്തുനിന്നും ഒരു സ്ഥാനത്തേയ്ക്കുയരുന്ന പിരമിഡുകളാണു് അവയുടെ ഏററവും ഉൽകൃഷ്ടരൂപം. വളരെ ദൂരെനിന്നു കൊണ്ടുവന്ന കല്ലുകൾകൊണ്ടാണിവ പണിതിരിക്കുന്നതു്. ഇവയിൽ ഏററവും പ്രസിദ്ധമായ പിരമിഡിനു് 500 അടി ഉയരമുണ്ടു്. എഴുനൂററമ്പതടി ചതുരമുള്ള ഒരു അടിസ്ഥാനത്തിൽനിന്നാണതു് ഉയരുന്നതു്.



ഭീമാകാരമായ പ്രതിമകഠം വലിച്ചുകൊണ്ടുപോകുന്ന സമ്പ്രദായം
ഈജിപ്ഷ്യൻചിത്രത്തിൽനിന്നു കാണാം.



ഈജിപ്ഷ്യുകാർ വെള്ളം തേകുന്നു



ഈജിപ്ഷ്യൻ വഞ്ചി

പതിമ്മൂന്നേക്കർ സ്ഥലം അതുകൊണ്ടു നിറഞ്ഞിരിക്കയാണ്. ഇന്നുള്ള ക്രൈസ്തവദേവാലയങ്ങളിൽ ഏററവും വലിയതായ റോമിലെ പള്ളിയുടെ മൂന്നിരട്ടി സ്ഥലത്തു നില്ക്കുന്ന ഈ ഈജിപ്ഷ്യൻ ശവകുടീരം അയ്യായിരം വർഷംമുമ്പു പണിചെയ്തതാണ്. ആ സംസ്കാരം അത്രയേറെ ഉയന്നിരുന്നു.

## രാജവംശങ്ങൾ

പക്ഷേ; ആ സംസ്കാരവും അവസാനിക്കാതെ നിവൃത്തിയുണ്ടായിരുന്നില്ല. ആദ്യം ഈജിപ്തിലെത്തി ആ സംസ്കാരത്തിനു വിത്തുപാകിയവർ അവരുടെ സേനാനായകനെ ഫറവോ എന്നു വിളിച്ചു. അദ്ദേഹം ഈജിപ്തിന്റെ വടക്കുഭാഗത്തായി മെംഫിസ് എന്ന നഗരം പണിതു് രാജ്യഭാരം ചെയ്തു. ആ രാജവംശം രണ്ടായിരം വർഷക്കാലം ഭരിച്ചു. അപ്പോഴേക്കും ആ രാജവംശത്തിന്റെ ഭരണശേഷി കുറഞ്ഞു. മെംഫിസിന് 350 മൈൽ തെക്കുള്ള തീബ്സ് എന്ന നഗരത്തിൽ ഒരു രാജകുടുംബം ഉയന്നുവന്നു. അവർ നൈൽതാഴ്വരമുഴവനും കൈവശപ്പെടുത്താൻ ശ്രമിച്ചു. ക്രിസ്തുവിനു 2400 വർഷം മുമ്പ് അവർ അതിൽ വിജയിച്ചു. ഈ രാജകുടുംബമാണ് ആക്രമണങ്ങളും മററും നടത്തിയതു്. അവർ എത്തിയോപ്പിയാരാജ്യം പിടിച്ചടക്കിയതായി പറയുന്നുണ്ടു്. സിറിയായിലും ബാബിലോണിയായിലും എല്ലാം അവർ ആക്രമണങ്ങൾ നടത്തി. അവരുടെ കാലത്താണ് അനേക അണക്കെട്ടുകളും മററും ഉണ്ടാക്കിയതു്. ക്ഷണക്കുശാസ്ത്രവും നക്ഷത്രഗണിതവുമെല്ലാം അന്നു വളന്നുവന്നു. മററു രാജ്യങ്ങളുമായി അവർ കച്ചവടത്തിലേർപ്പെട്ടു. ഈജിപ്തു് ലോകപ്രസിദ്ധമായി. നാനൂറു വർഷം

അവരങ്ങനെ ഭരിച്ചു. അതിനുശേഷം അവർ മടിയന്മാരും , സുഖലോലുപന്മാരുമായിത്തീന്നു. അറേബ്യൻമരുഭൂമികളിൽനിന്നു വന്ന ഒരു കാടൻവർഗ്ഗം അവരുടെ സൈന്യത്തെ തോല്പിച്ചു. വേഗതകൂടിയ കുതിരപ്പുറത്തു വന്ന് വില്ലുമമ്പും പ്രയോഗിച്ച അക്കൂട്ടക്ക് ഈജിപ്റ്റ് മുഴവനും പിടിച്ചടക്കാൻ വിഷമമുണ്ടായില്ല. അവർ തലസ്ഥാനം നൈൽനദീമുഖത്തേക്കു മാററിസ്ഥാപിച്ചു. ഇക്കൂട്ടരേയാണ് ഹിസ്കോസ് എന്നു വിളിക്കുന്നത്. അവർ അഞ്ചുശതാബ്ദക്കാലം ഈജിപ്റ്റ് ഭരിച്ചു. അവർ പ്രാചീനദേവതകളെ അപമാനിക്കുകയും നാട്ടുകാരെ മർദ്ദിക്കുകയും ചെയ്തുകൊണ്ടിരുന്നു. മർദ്ദനം ദുസ്സഹമായപ്പോഠം തീബ്സ്നഗരക്കാരനായ ഒരാളുടെ നേതൃത്വത്തിൽ ജനങ്ങഠം വിപ്ലവം നടത്തി ജയിച്ചു. അറബികളെ ഓടിച്ചുകളഞ്ഞു. ആമെസ് എന്നായിരുന്നു ഈ നേതാവിന്റെ പേരു്. അദ്ദേഹം ഒരു പുതിയ രാജവംശമാരംഭിച്ചു. ആ വംശത്തിൽപ്പെട്ട തെതോമോസിസ് എന്ന രാജാവു് ആക്രമണങ്ങഠം നടത്തി. മെസപ്പൊട്ടേമിയാവരെ അദ്ദേഹം കീഴടക്കി. അങ്ങനെ ഈജിപ്റ്റിന്റെ ശക്തി വദ്ധിപ്പിച്ചിട്ടു് അദ്ദേഹം മരിച്ചു. ഹാത്സെസ്പത് എന്ന അദ്ദേഹത്തിന്റെ പുത്രി അച്ഛന്റെ പ്രവൃത്തികഠം തുടന്ന് ആ രാജവംശത്തെ നിലനിറുത്തി. ആ വംശം ക്രിസ്തുവിനു 1300 വർഷം മുമ്പുവരെ ഭരിച്ചു.

**റോമൻ ആക്രമണം**

ഇങ്ങനെയൊക്കെയാണെങ്കിലും നിരന്തരമായ യുദ്ധം മൂലം നാട്ട് ദാരിദ്ര്യത്തിലേക്കു താഴ്ന്നുകൊണ്ടിരുന്നു. പ്രഭുക്കന്മാരെയും സൈന്യത്തെയും ഫറവോമാരെയും എല്ലാം പോററുക ഭാരിച്ച ഒരു കാര്യമായിരുന്നു. മരുഭൂമി

കളിൽനിന്നു പല കാടൻവർഗ്ഗങ്ങളും ഈജിപ്തിനെ ആക്രമിച്ചു. ക്ഷയിച്ചുതുടങ്ങിയിരുന്ന ഈജിപ്ത് മിക്കവാറും തോല്ക്കുകതന്നെയായിരുന്നു പതിവ്. ബി. സി. മൂന്നാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ അലക്സാണ്ടർ ചക്രവർത്തി ഈജിപ്ത് ആക്രമിച്ചു. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിൻെറ ഒരു സേനാനായകനായിരുന്ന ടോളമി ഈജിപ്തിലെ രാജാവായി. ഈ വംശം ഇരുനൂറു വർഷം ഭരിച്ചു. ആ വർഗ്ഗത്തിൽ അവസാനത്തെയാൾ പ്രസിദ്ധയായ ക്ലിയോപാട്രാ രാജ്ഞിയാണ്. ബി. സി. 30–ാമാണ്ടിൽ റോമൻ സേനാനിയായ ഒക്ടേവിയസ് സീസർ ഈജിപ്ത് ആക്രമിച്ചു. യുദ്ധത്തിൽ തോററുകഴിഞ്ഞു് റോമൻ സൈന്യത്താൽ പിടിക്കപ്പെടാതിരിക്കുവാൻവേണ്ടി ക്ലിയോപാട്രാ ആത്മഹത്യചെയ്തു.

അതോടുകൂടി പ്രാചീന ഈജിപ്തിൻെറ ചരിത്രവും അവസാനിച്ചു.

# മെസപ്പൊട്ടേമിയാ

ഏദൻതോട്ടത്തെപ്പററി നിങ്ങറം കേട്ടിട്ടുണ്ടോ? മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കന്മാരായ ആദാമും ഹവ്വായും താമസിച്ചിരുന്ന വൃന്ദാവനത്തെപ്പററി? ഈശ്വരൻ ഒരു പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ച് അതിമനോഹരമായ ഒരു തോട്ടത്തിലാക്കിയെന്നാണു കഥ. പക്ഷേ, അവർ അനുസരണക്കേടു കാണിച്ചപ്പോറം ഈശ്വരൻ അവരെ പുറത്താക്കി ഭൂമിയിലേയ്ക്കു പറഞ്ഞയച്ചു. മെസപ്പൊട്ടേമിയായാണു് ഇപ്പറഞ്ഞ ഏദൻ തോട്ടം എന്നാണു് ചരിത്രകാരന്മാർ പറയുന്നതു്.

മെസപ്പൊട്ടേമിയാ എന്ന വാക്കിനർത്ഥം നദികറംക്കിടയിലുള്ള സ്ഥലം എന്നാണു്. ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നു് രണ്ടു നദികറം കോക്കസസ് പർവ്വതനിരയിൽ ഉത്ഭവിച്ച് തെക്കോട്ടൊഴുകി ഒരുമിച്ചുചേൎന്ന് പേർഷ്യൻ ഉറംക്കടലിൽ വീഴുന്നു. ഈ നദികളുടെ ഇടയ്ക്കുള്ള സ്ഥലത്തിനാണു് മെസപ്പൊട്ടേമിയാ എന്നു പേരുണ്ടായതു്. പശ്ചിമേഷ്യയിലെ ഏററവും ഫലഭൂയിഷ്ഠമായ ഭാഗമാണു് മെസപ്പൊട്ടേമിയാ.

ജീവിതമാർഗ്ഗമന്വേഷിച്ചുനടക്കുന്ന ജനതകറം നദീതീരങ്ങളിലെത്തി വാസമുറപ്പിക്കാറുണ്ടെന്നു നാം നേരത്തെ മനസ്സിലാക്കിയല്ലോ. സിന്ധു, ഗംഗാ, നർമ്മദാ മുതലായ നദീതീരങ്ങളിൽ പ്രാചീനകാലത്തുതന്നെ മനുഷ്യർ കുടിയേറിപ്പാർക്കാൻ തുടങ്ങി. കൃഷിചെയ്തും, മത്സ്യംപിടിച്ചും ജീവിതായോധനം നടത്താൻ എളുപ്പമാണെന്നു് അവർ മനസ്സിലാക്കി. നൈൽനദീതീരത്തു്

മനുഷ്യർ വന്നുചേന്നതു നാം കണ്ടിട്ടുണ്ടു്. അതുപോലെ തന്നെയായിരുന്നു ടൈഗ്രീസിന്റെയും യൂഫ്രട്ടീസിന്റെയും കഥ. വടക്ക് പവ്വതനിരകളുടെയിടയിൽ താമസിച്ചിരുന്നവരും മരുഭൂമിയിൽ അലഞ്ഞുനടന്നിരുന്ന വർഗ്ഗങ്ങളും എല്ലാം മെസപ്പൊട്ടേമിയായിലേക്കു പ്രവേശിച്ചു. പലപ്പോഴും അവിടെ നേരത്തെതന്നെ വാസമുറപ്പിച്ചിരുന്നവരുമായി യുദ്ധങ്ങളുണ്ടായി. വന്നുകൂടിയ വിവിധ വർഗ്ഗങ്ങൾ തമ്മിലും ഘോരയുദ്ധമുണ്ടായി. അവരിൽ ഏററവും ധീരന്മാരും ബുദ്ധിമാന്മാരുമായിരുന്നവർ ജയിക്കുകയെന്നതു് സ്വാഭാവികംമാത്രമാണല്ലോ. അങ്ങനെ ജയിച്ച വർഗ്ഗത്തിന്റെ പേരു് സുമേറിയന്മാർ എന്നായിരുന്നു.

## സുമേറിയന്മാർ

സുമേറിയന്മാർ മത്സരത്തിൽ ജയിച്ചുവെങ്കിലും മററു വർഗ്ഗങ്ങളെ നശിപ്പിച്ചില്ല. അവരുമായി കൂടികഴിഞ്ഞു. അങ്ങനെ ക്രിസ്തുവിനു നാലായിരം വർഷം മുമ്പുതന്നെ മെസപ്പൊട്ടേമിയായിൽ സുഖസമൃദ്ധമായി ജീവിക്കുന്ന ഒരു വർഗ്ഗമുണ്ടായിത്തീൻ. സുമേറിയന്മാർ ആദ്യകാലങ്ങളിൽ ആടുമാടുകളെ വളത്തി ജീവിച്ചിരുന്നവരാണു്. എന്നാൽ മെസപ്പൊട്ടേമിയായിൽ വന്നതോടെ അവർ കൃഷി ആരംഭിച്ചു. പവ്വതങ്ങളിലായിരുന്നപ്പോൾ അവർ യാഗങ്ങൾ നടത്തിയിരുന്നതു ഗിരിശിഖരങ്ങളിൽ പണിതുയത്തിയ ബലിപീഠങ്ങളിലായിരുന്നു. മെസപ്പൊട്ടേമിയായിലാകട്ടെ മലകളോ പാറകളോ ഉണ്ടായിരുന്നില്ല. അതുകൊണ്ടു് സുമേറിയാക്കാർ മണ്ണുകൊണ്ടു ഗോപുരങ്ങൾ ഉണ്ടാക്കാനാരംഭിച്ചു. ചെറിയ മലകൾപോലെയിരുന്നു അവ. പക്ഷേ, സുമേറിയാ

ക്കാക്ക് കല്പടവുകൾ കെട്ടാൻ അറിഞ്ഞുകൂടായിരുന്നു. അവർ ഗോപുരത്തിനു ചുററും ഉയൎന്നുപൊന്തുന്ന മുകളിലെത്തുന്ന വഴിയുണ്ടാക്കുകയാണു ചെയ്തതു്. ബാബേൽഗോപുരം എന്നപേരിൽ ബൈബിളിൽ പറയുന്ന ഗോപുരം ഈ വർഗ്ഗത്തിൽപ്പെട്ടതാണു്. ബുദ്ധിപൂർവ്വം പൊതുകാര്യങ്ങൾ അന്വേഷിക്കാനും ധീരമായി പടവെട്ടാനും അവർക്കറിയാമായിരുന്നതുകൊണ്ടു് അവർ രണ്ടായിരം വർഷത്തോളം സുഖമായി ജീവിച്ചു. ഇതിനിടയിൽ അവർ ഒരു ഭാഷയും അക്ഷരമാലയും രൂപീകരിക്കുകയും അവരുടെ പഴയ ചരിത്രം പാറക്കഷണങ്ങളിലും ചുട്ട ഇഷ്ടികകളിലുമായി രേഖപ്പെടുത്തുകയും ചെയ്തു.

ക്രിസ്തുവിനു രണ്ടായിരംവർഷങ്ങൾക്കു മുമ്പു് അക്കാഡിയൻമാർ എന്നു പേരായ ഒരു അറബിവർഗ്ഗക്കാർ മരുഭൂമി ഉപേക്ഷിച്ചു് മെസപ്പൊട്ടേമിയായിലെത്തി സുമേറിയാക്കാരെ തോല്പിച്ചു രാജ്യം പിടിച്ചടക്കി. ഈ പുതിയ വർഗ്ഗത്തിന്റെ ഏററവും പ്രസിദ്ധനായ രാജാവു് സാർഗൺ എന്നറിയപ്പെടുന്നു. അദ്ദേഹം അക്കാഡിയൻഭാഷ സുമേറിയൻ അക്ഷരമാലയിൽ എഴുതാൻ തന്റെ വർഗ്ഗക്കാരെ പഠിപ്പിച്ചു. അദ്ദേഹം വളരെ ഔചിത്യത്തോടുകൂടി രാജ്യഭരണം നടത്തിയതുകൊണ്ടു് സുമേറിയന്മാരും അക്കാഡിയന്മാരും തമ്മിലുള്ള കലഹമെല്ലാം അവസാനിക്കുകയും അവർ ഒരുജനതയായിത്തീരുകയും ചെയ്തു.

സാർഗണിന്റെ വിജയത്തെപ്പററിയുള്ള വർത്തമാനം പശ്ചിമേഷ്യയിൽ പ്രചരിച്ചതോടുകൂടി മററു പല വർഗ്ഗങ്ങൾക്കും മെസപ്പൊട്ടേമിയായിൽ പോയി തങ്ങളുടെ ഭാഗ്യംപരീക്ഷിക്കണമെന്നു തോന്നി. അവരിൽ മുഖ്യരായിരുന്നതു് അമോര്യർ എന്ന ഒരു വർഗ്ഗമായിരുന്നു.

**ബാബിലോണിയാ**


വിവിധവർഗ്ഗങ്ങൾ എല്ലാം മെസപ്പൊട്ടേമിയായിലേയ്ക്കു് ഇരച്ചുകയറിയപ്പോൾ ആ നാടും പൊതുവേ ഇളകിമറിഞ്ഞു. അവിടെ നിലവിലിരുന്ന സമാധാനത്തിനും ഐശ്വര്യത്തിനും വല്ലാത്ത ഉലച്ചിൽ തട്ടി. ഈ ദുർവ്വിധിയിൽനിന്നു് ആ നാടിനെ രക്ഷിച്ചതു് അമോര്യരുടെ ഹമുറാബി എന്നു പേരായ ഒരു നേതാവായിരുന്നു. അദ്ദേഹം ബാബില്ലി എന്നു പേരായ ഒരു നഗരത്തിൽ തലസ്ഥാനം സ്ഥാപിച്ചു മെസപ്പൊട്ടേമിയായും അതിനു സമീപത്തിലുള്ള നാടുകളും എല്ലാം പിടിച്ചടക്കി, സമാധാനപരമായ ഭരണം സ്ഥാപിച്ചു. ഈ സാമ്രാജ്യത്തിന്റെ പേരാണു് ബാബിലോണിയാ. അദ്ദേഹത്തിൻെറ പ്രവർത്തനഫലമായി ബാബിലോണിയാ പ്രാചീനലോകത്തിലെ ഏററവും പ്രസിദ്ധമായ നഗരമായിത്തീന്നു. പണ്ഡിതന്മാരായ പുരോഹിതന്മാർ നാട്ടിൽ നിയമപാലനം നടത്തി. ഈ നിയമങ്ങൾ ഹമുറാബിക്കു് സൂര്യഭഗവാനിൽനിന്നു നേരിട്ടു കിട്ടിയവയാണെന്നായിരുന്നു പറഞ്ഞിരുന്നതു്. നാട്ടിലെ സമാധാനവും ഐശ്വര്യവുംമൂലം അവിടെ കച്ചവടം അഭിവൃദ്ധിപ്പെട്ടു. ഇന്നത്തെ പല രാജ്യങ്ങളിലും ഉള്ളതിലധികം അഭിപ്രായസ്വാതന്ത്ര്യം ബാബിലോണിയായിലുണ്ടായിരുന്നുവെന്നാണു് ഗവേഷകന്മാരുടെ അഭിപ്രായം.

നിർഭാഗ്യവശാൽ ഈ ഐശ്വര്യവും ശാന്തിയും തുടന്നുപോയില്ല. വടക്കുള്ള പർവ്വതനിരകളിൽനിന്നു ക്രൂരന്മാരായ ഒരു വർഗ്ഗം മെസപ്പൊട്ടേമിയായിലേക്കു വന്നു. അവർ ബാബിലോണിയായിൽ പ്രവേശിച്ചു് ഹമുറാബി ചെയ്തുവച്ചതെല്ലാം നശിപ്പിച്ചു. ഹിത്യർ എന്നാണു് അവരുടെ പേർ. സംസ്കാരശൂന്യരായ അവർ കുറേക്കാലം


നാടുഭരിച്ചു. പക്ഷേ, അധികകാലം അതു നീണ്ടുനിന്നി ല്ല. സംഘടിതമായ ഒരു രാഷ്ട്രത്തിൻെറ സ്വഭാവംതന്നെ ബാബിലോണിയായ്ക്കു നഷ്ടപ്പെട്ടു.

## അസ്സീരിയൻ ആധിപത്യം

അക്കാലത്താണ് ഹിത്യരുടേതിനെക്കാൾ ഭയങ്കര മായ മറെറാരാക്രമണമുണ്ടായതു്. അറേബിയൻമരുഭൂമി കളിൽ കൊള്ളചെയ്തുനടന്നിരുന്ന ഒരുക്കൂട്ടം ആളുകൾ വ ടക്കോട്ടു് ഒരു പ്രയാണമാരംഭിച്ചു. അവരുടെ ദൈവത്തി ൻെറ പേർ അസ്സൂർ എന്നാണ്. വടക്കുള്ള പർവ്വതങ്ങളു ടെ താഴ്വാരത്തിൽ എത്തിയിട്ടു് അവർ കിഴക്കോട്ടു തി രിഞ്ഞു. യൂഫ്രറററീസ് നദീതീരത്തെത്തി അവർ നിനവ എന്നൊരു നഗരം സ്ഥാപിച്ചു. ക്രിസ്തുവിനു പന്ത്രണ്ടു നൂ റ്റാണ്ടുകൾക്കു മുമ്പു് അവർ ബാബിലോണിയാ തകക്കാൻ ഒരു പരിശ്രമം നടത്തി. തിഗ്ലാത്ത്പിലേസർ എന്നുപേ രായ അവരുടെ രാജാവു് ആദ്യയുദ്ധത്തിൽ ജയിച്ചെങ്കി ലും അതിനുശേഷം അവർ തോററു സ്വന്തം നാട്ടിലേക്കു പിന്മാറി. അഞ്ഞൂറു വഷം കഴിഞ്ഞാണ് അവർ രണ്ടാ മതും ആക്രമിച്ചതു്. ബുലു എന്ന ഒരു സേനാനി അസ്സീരി യൻസിംഹാസനം കൈവശപ്പെടുത്തി തിഗ്ലാത്ത്പിലേ സർ എന്ന പേരും സ്വീകരിച്ചു് താൻ ലോകംമുഴുവനും പിടിച്ചടക്കും എന്നു പ്രഖ്യാപനംചെയ്തു. അദ്ദേഹം പ റഞ്ഞതുപോലെതന്നെ പ്രവത്തിക്കുകയുംചെയ്തു. ഏഷ്യാ മൈനർ, അമ്മീനിയാ, പേഷ്യയുടെ പടിഞ്ഞാറെഭാഗം, വടക്കൻഅറേബിയാ, ബാബിലോണിയാ എന്നിവയെ ല്ലാം അസ്സീരിയൻ അധീനത്തിലായി. ഈ നാടുകളിൽ നിന്നെല്ലാം ഭാരിച്ച നികുതികൾ പിരിച്ചു് അവർ ഒരു വലിയ സൈന്യത്തെ നിലനിറുത്തി. അവരുടെ പണ



ബാബേൽഗോപുരം: സുമേറിയക്കാർ പണിതതു്.



സുമേറിയന്മാർ മലകളിൽ പാർത്തിരുന്ന കാലത്തുണ്ടാക്കിയ ബലിപീഠങ്ങൾ



ഹമുറാബിരാജാവ് സൂൎയ്യഭഗവാന്റെ പക്കൽ നിയമങ്ങൾ പഠിക്കുന്നു

ക്കൊതിയും ക്രൂരതയുംമൂലം ജനങ്ങൾ അവരെ വെറുത്തു. വളരെയേറെ പട്ടാളക്കാരെയും പ്രഭുക്കന്മാരെയും പോറ്റേണ്ടിവന്നതുകൊണ്ടു് അവർ ദാരിദ്ര്യത്തിലാണ്ടു. സൈന്യത്തിൽ വിവിധജാതിക്കാരെയും ചേർത്തുതുടങ്ങി. സൈന്യത്തിൻെറ ബലം കുറഞ്ഞതോടുകൂടി വിവിധവർഗ്ഗങ്ങൾ രാജ്യമാക്രമിക്കാനാരംഭിച്ചു. അവരിൽ മുഖ്യസ്ഥാനം സിമ്മേറിയന്മാർക്കാണു്. വടക്കൻ പർവ്വതനിരകൾക്കു വടക്കുള്ള സമതലങ്ങളിൽ താമസിച്ചിരുന്ന ഈ വർഗ്ഗത്തെ സിഥിയന്മാർ എന്നൊരു കൂട്ടർ ആക്രമിച്ചപ്പോൾ അവർ തെക്കോട്ടു യാത്രയാരംഭിച്ചു. ആദ്യമായി അവർ ഹിത്യരുടെ നാടു പിടിച്ചടക്കി. അതിനുശേഷം അസ്സീറിയൻ സാമ്രാജ്യത്തിലേക്കു പ്രവേശിച്ചു. നിനവയെ സമീപിച്ചപ്പോൾ അസ്സീറിയൻസൈന്യമെല്ലാം സിമ്മേറിയന്മാരെ നേരിടാനായി വടക്കോട്ടു തിരിച്ചു. അപ്പോഴാണു് അതിലും ഭയങ്കരമായ ഒരാപത്തിന്റെ വർത്തമാനം തെക്കുനിന്നു വന്നതു്.

മെസപ്പൊട്ടേമിയായുടെ തെക്കുകിഴക്കേ മൂലയ്ക്കുള്ള ഊർ എന്ന നഗരത്തിൽ കൽദയർ എന്നു പേരുള്ള ഒരു ജനവിഭാഗം പാർത്തിരുന്നു. അവർ വളരെ സംസ്കാരമുള്ളവരും ശാന്തശീലരുമായിരുന്നു. പക്ഷേ, പെട്ടെന്നു് അവർ സമരോദ്യുക്തരായി. അസ്സീറിയൻ മർദ്ദനഭരണം സഹിച്ചുകൂടാത്തതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചതു്. അവർ ഒരു സൈന്യവുമായി നിനവയെ ആക്രമിച്ചു.

അങ്ങനെ എല്ലാവശത്തുനിന്നും ആക്രമിക്കപ്പെട്ട നിനവപ്പട്ടണം അഗ്നിക്കിരയായി. അസ്സീറിയൻസാമ്രാജ്യം തകൎന്നു. നൈൽനദിമുതൽ പേർഷ്യൻ ഉൾക്കടൽ വരെയുള്ള എല്ലാക്കുടിലുകളും ആഹ്ലാദിച്ചു.

ഇതോടുകൂടി പഴയ ബാബിലോണിയൻസംസ്കാരം ഉയൎത്തെഴുന്നേററു. നെബുക്കദ്നെസ്സർ എന്ന പേരായ രാജാവിൻെറ ഭരണത്തിൽ പഴയ ക്ഷേത്രങ്ങളുടെ കേടുപാടുകൾ പോക്കി. പുതിയ കൊട്ടാരങ്ങൾ ഉയൎന്നു. ജലസേചനത്തിനുവേണ്ടി തോടുകൾ വെട്ടിയുണ്ടാക്കാനും അദ്ദേഹം മറന്നില്ല. അക്രമികളായ ശത്രുക്കളെ അമൎച്ചചെയ്യാനും അദ്ദേഹത്തിനു കഴിഞ്ഞു. നെബുക്കദ്നെസ്സറിനെ എതിൎത്ത യൂദന്മാരെ തോല്പിച്ചു് അവരുടെ തലസ്ഥാനമായ യെരുശലേം നശിപ്പിക്കുയും കുറേയേറെ യൂദന്മാരെ ബാബിലോണിയായിലേക്കു കൊണ്ടുപോകയുംചെയ്തു.

ബാബിലോണിയാ ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായിത്തീൎന്നു. യൂഫ്രറററീസ് നദിയുടെ കരകളിൽ മരങ്ങൾ വച്ചുപിടിപ്പിക്കപ്പെട്ടു. കൊട്ടാരങ്ങളുടെ മതിലുകളിലും മട്ടുപ്പാവുകളിലും പൂച്ചെടികൾ വളൎത്തി. "ബാബിലോണിയായിലെ ഊഞ്ഞാൽ പൂന്തോട്ടങ്ങൾ" എന്ന പ്രസിദ്ധി അങ്ങനെയാണുണ്ടായതു്.

ഭൗതികമായ കാൎയ്യങ്ങളിൽ മാത്രമല്ല ബാബിലോണിയാക്കാർ പുരോഗതി പ്രാപിച്ചതു്. നക്ഷത്രഗണിതത്തിൽ അവർ വൈദഗ്ധ്യം നേടി. പന്ത്രണ്ടു ഗ്രഹനിലകൾ (കൂറുകൾ) കണ്ടുപിടിച്ചതു് അവരാണു്. ആദ്യത്തെ അഞ്ചുഗ്രഹങ്ങളും അവർ കണ്ടെത്തി. ഭൂമദ്ധ്യരേഖ സങ്കല്പിക്കുകയും അതിനെ 360 അംശങ്ങളായി വിഭജിക്കുകയും എല്ലാം ചെയ്തതു് അവരാണു്. ദിവസത്തിനു് ഇരുപത്തിനാലു മണിക്കൂറെന്നും, മണിക്കൂറിനു് അറുപതു മിനിററെന്നും മററുമുള്ള ഗണിതവും അവരുടെ വകയാണു്. ദശാംശഗണിതത്തിനു പുറമേ ദ്വാദശഗണിതം എന്നൊരു സമ്പ്രദായവും അവർ കണ്ടുപിടിച്ചു.

ഇന്നത്തെ ഞായറാഴ്ചപോലെ ആഴ്ചയിൽ ഒരു

ദിവസം വിശ്രമിക്കണമെന്നു് ആദ്യമായി പറഞ്ഞതു് ബാബിലോണിയാ ഭരിച്ച കൽദയരാണു്.

ഇങ്ങനെയെല്ലാം ആ രാജ്യം വളൎന്നെങ്കിലും അതു് അനശ്വരമായി നിലനില്ക്കണമെന്നു് പ്രതീക്ഷിക്കുക വയ്യല്ലോ. ക്രിസ്തുവിനു് അഞ്ഞൂറുവർഷം മുമ്പു് പേർഷ്യാക്കാർ മെസപ്പൊട്ടേമിയായിലേക്കു കടന്നു. അവസാനത്തെ ബാബിലോണിയൻ രാജാവായ നാബോഡിനസ് നാടുവിട്ടു. അദ്ദേഹത്തിൻെറ പുത്രൻ അധികം താമസിയാതെ മരിക്കയും ചെയ്തു. യാതൊരു യുദ്ധവുംകൂടാതെ പേർഷ്യാക്കാർ ബാബിലോണിയാനഗരം കൈവശപ്പെടുത്തി. മരിച്ച രാജകുമാരൻെറ ശവസംസ്കാരം എല്ലാ ആഘോഷങ്ങളോടുംകൂടി നടത്തി. പേർഷ്യൻരാജാവായ സൈറസ് ബാബിലോണിയൻ സിംഹാസനത്തിന്മേൽ തൻെറ അവകാശം പ്രഖ്യാപിച്ചു.

സൈറസ് തിരിച്ചുപോയിക്കഴിഞ്ഞതോടെ ബാബിലോൺ ക്ഷയിക്കാൻ തുടങ്ങി. പുതിയ സാമ്രാജ്യത്തിന്റെ തലസ്ഥാനം പേർഷ്യയിലെ പെർസപോലിസ് ആയിരുന്നു. എല്ലാവരും ബാബിലോണിയാവിട്ടുപോയി. അവിടത്തെ മന്ദിരങ്ങൾ ക്രമേണ ഇടിഞ്ഞുവീഴാൻ ആരംഭിച്ചു. ബി. സി. 331-ൽ അലക്സാണ്ടർ ചക്രവൎത്തിയുടെ ആക്രമണത്തിനിടയ്ക്കു് അദ്ദേഹം ആ നഗരം പുനരുദ്ധരിക്കാൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹം പെട്ടെന്നു മരിച്ചുപോയതുകൊണ്ടു് ആ പണി പൂൎത്തിയാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം ആ നഗരം ഉയൎന്നുമില്ല. മുപ്പതു നൂററാണ്ടുകൾ പടിഞ്ഞാറൻ ഏഷ്യയുടെ രാഷ്ട്രീയസാംസ്കാരികകേന്ദ്രമായിരുന്ന ബാബിലോണിയാനഗരം എന്നെന്നേക്കുമായി അപ്രത്യക്ഷപ്പെട്ടു. ഇന്നു് മൂന്നു മൺമലകൾ മാത്രമാണു് അവിടെയുള്ളതു്.

# പലസ്തീൻ

എത്രയേറെ ഫലഭൂയിഷ്ഠമായ നാടാണെങ്കിലും ജനങ്ങൾക്കു മുഴുവനും കാലക്ഷേപമാർഗ്ഗം ലഭിക്കാത്ത കാലഘട്ടങ്ങളുണ്ടാകാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഓരോ ജനവിഭാഗങ്ങൾ സ്വന്തനാടുവിട്ട് ഭക്ഷണംതേടി പോകുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. അക്കൂട്ടത്തിൽപ്പെട്ട ഒരു യാത്രയാണ്, ഇന്നു ലോകമൊട്ടുക്കു പ്രചരിച്ചിട്ടുള്ള യഹൂദജനതയുടെ ചരിത്രം.

## ഇസ്രായേൽ

ഇസ്രായേൽ എന്നൊരു രാഷ്ട്രത്തെപ്പററി നിങ്ങൾ കേട്ടിരിക്കും. പലസ്തീൻ നാടിൻെറ ഒരംശമാണതു്. മാതൃഭൂമിയെന്ന് യഹൂദന്മാർ ഗണിക്കുന്ന രാജ്യത്തേയ്ക്കു് തിരിച്ചെത്താൻ അവർ നടത്തിയ പരിശ്രമത്തിൻെറ ഫലമായിട്ടാണ് അങ്ങനെയൊരു രാഷ്ട്രം ഉടലെടുത്തത്. കുറേപ്പേർ അവിടെ എത്തുകയും ചെയ്തു. പക്ഷേ, യഹൂദന്മാരുടെ കഥ ആരംഭിച്ചിട്ട് നാലായിരം വർഷങ്ങളായിട്ടുണ്ടു്. ബാബിലോണിയൻ സാമ്രാജ്യത്തിന്റെയും ഈജിപ്ഷ്യൻ സംസ്കാരത്തിൻെറയും കാലത്തു് ഇസ്രായേൽജനത ഉണ്ടായിരുന്നു.

ക്രിസ്തുവിനു രണ്ടായിരംവഷങ്ങൾക്കു മുമ്പ് മെസപ്പൊട്ടേമിയായിൽ ഒരു ക്ഷാമമുണ്ടായി. കൽദയരുടെ ഊർ എന്നറിയപ്പെടുന്ന ഒരു നഗരത്തിൽ താമസിച്ചിരുന്ന തേരഹ് എന്നൊരാൾ നാട്ടുവിട്ടുപൊയ്ക്കളയാമെന്ന് തീരുമാനിച്ചു. അന്ന് ആരംഭിച്ച പ്രയാണംപോലെതന്നെയാണ്, കേരളത്തിൽനിന്ന് യഹൂദന്മാർ ഇസ്രായേ

ലിലേയ്ക്കു് ഈയിടെ കുടിപ്പുറപ്പെട്ടുപോയതും. തേരഹി ൻെറ സന്തതി ലോകമൊട്ടാകെ പരന്നിരിക്കുന്നു. അതി ൻെറ ആദ്യഘട്ടം നമുക്കൊന്നു പഠിക്കാം.

**ഏകദൈവം**

തേരഹ് അധികം താമസിയാതെ മരിച്ചു. അദ്ദേ ഹത്തിന്റെ പുത്രനായ അബ്രഹാമും പൗത്രനായ ലോത്തും കൂടി പടിഞ്ഞാറൻനാടുകളിലേക്കു യാത്രയാരംഭിച്ചു. ഈ വർഗ്ഗത്തിൻെറ ചരിത്രവും, അവരുടെ മതവുംതമ്മിൽ വ ളരെ ബന്ധമുണ്ടു്. പ്രാചീനവർഗ്ഗങ്ങളിൽ ഏകദൈവവ്ര തക്കാരായിരുന്നവർ ഇവരാണു്. അബ്രഹാമും കൂട്ടരും ഇ ടയവർഗ്ഗക്കാരായിരുന്നു. യഹോവ എന്നുപേരുള്ള ഈശ്വ രനു് അവർ ആട്ടുമാടുകളെ ബലികഴിക്കും. ഈ ദൈവം ശത്രുക്കളിൽനിന്നു് അവരെ രക്ഷിക്കുമെന്നും, ജീവി ക്കാൻ ഉതകുന്ന ഒരു നാടു് അവർക്കായി നൽകുമെന്നും അവർ വിശ്വസിച്ചു. അവർ ഓരോരോ സ്ഥലങ്ങൾ സ ന്ദർശിച്ചു് അവസാനം കനാൻദേശത്തെത്തി. കനാൻ എന്നതു് പലസ്തീൻനാടിൻെറ മറെറാരു പേരാണു്. മെഡിറ്ററേനിയൻകടലിനും സിറിയയിലെ പർവ്വതങ്ങൾ ക്കും ഇടയ്ക്കുള്ള സ്ഥലമാണു് പലസ്തീൻ. അവിടെ താമ സിച്ചിരുന്ന ഫെലിസ്ത്യർ അബ്രഹാമിനെപ്പോലെ മരു ഭൂമിയിൽ ഉത്ഭവിച്ച ഒരു വർഗ്ഗമായിരുന്നു. അവർ കനാൻദേശത്തെത്തിയതിനുശേഷം ആട്ടുമാടുകളെ വള ത്താനാരംഭിച്ചു. അതിനുശേഷം അവർ കൃഷിചെയ്യാനും പഠിച്ചു. അവൎക്കു ഗ്രാമങ്ങളും പട്ടണങ്ങളുമുണ്ടായിരുന്നു. പൊതുവേപറഞ്ഞാൽ കനാൻദേശം ഐശ്വര്യപൂർണ്ണമാ യിരുന്നു. അങ്ങനെയുള്ള നാട്ടിൽ അബ്രഹാമും താമസമു റപ്പിച്ചു.

അവിടെ അദ്ദേഹത്തിനു് ഇസ്മായേൽ എന്നും, ഇസഹാക്ക് എന്നും രണ്ടു മക്കളുണ്ടായി. ഇസ്മായേലിൽനിന്നു് അറബിവർഗ്ഗവും, ഇസഹാക്കിൽനിന്നു് യഹൂദവർഗ്ഗവും ഉണ്ടായി എന്നാണു് ഐതിഹ്യം. അബ്രഹാമിന്റെ സന്തതി വർദ്ധിച്ചു പെരുകി. കനാൻദേശത്തു ജീവിച്ചിരുന്നവരുമായി കുറെയെല്ലാം കലഹിക്കേണ്ടിവന്നുവെങ്കിലും, കാലാന്തരത്തിൽ അവർ ആ നാട്ടുകാരായിത്തീൎന്നു.

അബ്രഹാമിന്റെ പുത്രനായ ഇസഹാക്കിനു് രണ്ടു പുത്രന്മാരുണ്ടായി. ഏശാവ് എന്നും യാക്കോബ് എന്നുമാണു് അവരുടെ പേർ. യാക്കോബിനു പന്ത്രണ്ടു പുത്രന്മാരുണ്ടായി. അവരെല്ലാം ആട്ടിടയന്മാരായിരുന്നു. അവരിൽ ഒരാളായ ജോസഫിനെ മററു സഹോദരന്മാർ ചേൎന്നു് അടിമത്വത്തിലേക്കു വിററു എന്നും ജോസഫ് ഈജിപ്തിലെത്തിച്ചേൎന്നുവെന്നുമാണു കഥ. മററുള്ളവർ കനാൻദേശത്തുതന്നെ പാൎത്തു.

അങ്ങനെയിരിക്കെയാണു് ആ നാട്ടിൽ ക്ഷാമമാരംഭിച്ചതു്. മററു പല ജാതികളെപ്പോലെ, അവരും ഈജിപ്തിന്റെ സമ്പത്തിനെക്കുറിച്ചു കേട്ടിരുന്നതുകൊണ്ടു് അവർ ഈജിപ്തിലേക്കു തിരിച്ചു. ഭാഗ്യവശാൽ അവൎക്കു് ഈജിപ്തിൽ വളരെനല്ല ഒരു സ്വീകരണമാണു ലഭിച്ചതു്. അതിനു രണ്ടു കാരണങ്ങളുണ്ടായിരുന്നു. ഒന്നാമത്തേതു്, അന്നു് ഈജിപ്തു് ഭരിച്ചിരുന്നതു് ഹൈക്സോസ് വൎഗ്ഗമായിരുന്നുവെന്നതാണു്. ഈ വൎഗ്ഗത്തെപ്പററി നാം നേരത്തെ വായിച്ചുകഴിഞ്ഞു. അവർ പുറത്തുനിന്നു വന്ന ഇടയവൎഗ്ഗമായതുകൊണ്ടു് ഈജിപ്തുകാർ അവരെ വെറുത്തിരുന്നു. അവരാകട്ടെ, അബ്രഹാമിന്റെ വംശജരായ ഇസ്രായേൽജനതയെ സ്വന്തമെന്നു ഗണിച്ചു. രണ്ടാമത്തെ കാരണം, ജോസഫ് എന്നൊരാളിന്റെ സഹ

കരണമായിരുന്നു. യാക്കോബിന്റെ പുത്രനായ ജോസഫ് ഈജിപ്തിലെത്തിയതിനുശേഷം സ്വന്ത സാമർത്ഥ്യം കൊണ്ടു് ഈജിപ്തിലെ സർവ്വാധികാര്യക്കാരായിത്തീർന്നിരുന്നു. അദ്ദേഹത്തിന്റെ സഹായം കിട്ടിയതുകൊണ്ടു് ബി. സി. 1550-ാമാണ്ടിനോടടുത്തു് ഇസ്രായേൽവർഗ്ഗം ഈജിപ്തിലെ ഗോശെൻദേശത്തു വാസമുറപ്പിച്ചു. പക്ഷേ ഹിസ്കോസ്‌വംശത്തെ അധികം താമസിയാതെ ഈജിപ്തുകാർ തോല്പിച്ചോടിച്ചു. ഈജിപ്ഷ്യൻ ഫറവോമാർ പിന്നെയും അധികാരത്തിൽവന്നു. അതോടുകൂടി ഇസ്രായേൽജനത അടിമകളുടെ നിലയിലേക്കു താണു. കുറെ കാലം അവർ ദുസ്സഹമായ കഷ്ടതകളും അനുഭവിച്ചു് അവിടെ കഴിഞ്ഞു.


പ്രസിദ്ധമായ ഈജിപ്ഷ്യൻപിരമിഡുകളും മറ്റു കെട്ടിടങ്ങളും പണിയാൻ ഇസ്രായേൽജനതയാണു ജോലിചെയ്തതു്. ദുസ്സഹമായ കഷ്ടപ്പാടുകൾ അവർക്കുണ്ടായിരുന്നിട്ടും അവർക്കു് അവിടെനിന്നു രക്ഷപെട്ടുപോകാൻ കഴിഞ്ഞില്ല. യഹൂദജനതയുടെ ഏററവും ദയനീയമായ കാലമായിരുന്നു അതു്.

ബി.സി. 1300-ാമാണ്ടിനോടടുത്തു മോശ എന്നൊരു നേതാവു് അവർക്കുണ്ടായി. യഹോവാ അവരെ കൈവെടിയുകയില്ലെന്നു് അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു. കനാൻദേശം യഹോവാ അവർക്കുവാഗ്ദത്തംചെയ്തിരിക്കുന്ന നാടാണെന്നു് അദ്ദേഹം അവരെ പറഞ്ഞുമനസ്സിലാക്കി. എങ്ങനെയെങ്കിലും ഈജിപ്ഷ്യൻ അടിമത്വത്തിൽ നിന്നു രക്ഷപെട്ടു് കനാൻദേശത്തേക്കു പോകണമെന്നു് അവർ തീരുമാനിച്ചു. അതിനിടയിൽ എന്തോ ഒരു പകർച്ചവ്യാധി പിടിപെട്ടു് ഈജിപ്തിൽ വളരെയേറെ


ആളുകഠം മരിച്ചു. അതിനെ തുടൎന്നുണ്ടായ കുഴപ്പം ഉപയോഗപ്പെടുത്തിക്കൊണ്ടു് മോശ തന്റെ ജനത്തെ സീനായ് മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയി. നേരേ പോയാൽ അവക്കു കുറച്ചുകാലംകൊണ്ടു് കനാൻദേശത്തെത്താമായിരുന്നു. പക്ഷേ, ഈജിപ്തിൽനിന്നു പുറത്തു വന്നതോടുകൂടി അവർ തമ്മിൽത്തമ്മിൽ കലഹിക്കാനും മററു ദൈവങ്ങളെ ആരാധിക്കാനും തുടങ്ങി. ഇതെല്ലാം ശരിയാക്കാൻ മോശയ്ക്കു് അത്യന്തം പണിപ്പെടേണ്ടിവന്നു. അദ്ദേഹം ഒരു പുതിയ നിയമാവലി ഉണ്ടാക്കി ജനങ്ങളെ പഠിപ്പിച്ചു. ജനതയെ മുഴവൻ അദ്ദേഹം സംഘടിപ്പിച്ചു. മോശ അന്നു പഠിപ്പിച്ച നിയമങ്ങളാണു് 'പത്തു കല്പനകഠം' എന്ന പേരിൽ അറിയപ്പെടുന്നതു്. ഈ പരിശ്രമമെല്ലാം ഉണ്ടായിട്ടും മോശയ്ക്കു കനാൻദേശത്തെത്താൻ കഴിഞ്ഞില്ല. അതിനു മുമ്പുതന്നെ അദ്ദേഹം മരിച്ചു. നാല്പതു വഷത്തെ യാത്രയ്ക്കു ശേഷമാണു് ഇസ്രായേൽജനത 'വാഗ്ദത്തനാട്ടി'ലെത്തിയതു്. ബി. സി. 1250 ആയപ്പോഴേക്കും അവർ യോർദ്ദാൻനദിയും കടന്നു് കനാൻദേശത്തു് എത്തി.

ആ നാട്ടിൽ ജീവിച്ചിരുന്ന ഫെലിസ്ത്യരുമായി യുദ്ധമുണ്ടാവുക സ്വാഭാവികമാണല്ലോ. (അവരിൽനിന്നാണു് ആ നാടിനു പലസ്തീൻ എന്നു പേരു കിട്ടിയതു്.) അങ്ങനെ ഉണ്ടായ യുദ്ധങ്ങളിൽ ഇസ്രായേൽജനതയ്ക്കു് ആദ്യം കിട്ടിയ നേതാവായിരുന്നു ശൗൽ. അദ്ദേഹമാണു് അവരുടെ ആദ്യത്തെ രാജാവു്.

ഫെലിസ്ത്യക്കു് രാജാവുള്ളതുകൊണ്ടാണു് അവർ ജയിക്കുന്നതെന്നു ധരിച്ച ഇസ്രായേൽജനത അവക്കും ഒരു രാജാവുവേണമെന്നാഗ്രഹിച്ചു. പ്രവാചകനായ ശമുവേലിനോടു് അവർ ആ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹ



അസീറിയൻ തലസ്ഥാനമായ നിനുവപ്പട്ടണം



ബാബിലോണിയൻക്ഷേത്രം

മാകട്ടെ അതിഷ്ടപ്പെട്ടില്ല. രാജാക്കന്മാർ ജനങ്ങളെ ദ്രോഹിക്കുകയും ചുമതലയില്ലാതെ പെരുമാറുകയുംമറ്റും ചെയ്യുമെന്നു് അദ്ദേഹം പറഞ്ഞു. ജനങ്ങൾക്കാകട്ടെ അതു വിശ്വാസമായില്ല. അവർ പിന്നെയും നിർബ്ബന്ധിച്ചപ്പോൾ ശമുവേൽ അവരുടെ ഏററവും നല്ല യോദ്ധാവിനെ തെരഞ്ഞെടുത്തു രാജാവായി അഭിഷേകംചെയ്തു.

പക്ഷേ, ശൗൽ രാജ്യഭരണത്തിന്നു സമർത്ഥനല്ലായിരുന്നു. ശൗൽ മരിച്ചപ്പോൾ ദാവീദ് എന്നൊരു ആട്ടിടയൻ രാജാവായി. അദ്ദേഹമാണ് ഇസ്രായേൽ ജനതയുടെ ഏററവും പ്രധാനപ്പെട്ട രാജാവു്. ഇന്നത്തെ യെരുശലേം പട്ടണം സ്ഥാപിച്ചതു് അദ്ദേഹമാണു്. അവിടെ ഒരു കൊട്ടാരവും കോട്ടയും എല്ലാം പണിയിച്ചു് അദ്ദേഹം രാജ്യഭരണം നടത്തി.

ബൈബിളിൽ കാണുന്ന സങ്കീർത്തനങ്ങൾ അദ്ദേഹം രചിച്ചതാണെന്നു പറയപ്പെടുന്നു. ദാവീദ് ആടിനെ മേയിച്ചുനടന്നിരുന്നപ്പോൾ ഇസ്രായേൽജനതയുടെ പ്രവാചകനായിരുന്ന ശമുവേൽ അദ്ദേഹത്തെ കണ്ടു വെന്നും വിളിച്ചുകൊണ്ടുപോയി രാജ്യകാര്യങ്ങൾ പഠിപ്പിച്ചു എന്നുമാണു കഥ. ശമുവേലിന്റെ അഭിപ്രായ പ്രകാരം ശൗലിനു് തന്റെ കടമകൾ നിർവ്വഹിക്കാനുള്ള കഴിവുണ്ടായിരുന്നില്ല. ശൗലിന്റെ സ്ഥാനത്തേയ്ക്കുയർത്താൻവേണ്ടി ശമുവേൽ തെരഞ്ഞെടുത്ത ദാവീദ് അതിസമർത്ഥനായിരുന്നു. ശൗൽ ഒരു യുദ്ധത്തിൽ മരിക്കുന്നതുവരെ അദ്ദേഹം കാത്തു. അതിനുശേഷം അദ്ദേഹം രാജ്യഭാരമേററു.

ശത്രുക്കളിൽ മിക്കവരെയും പരാജയപ്പെടുത്താൻ ദാവീദിനു കഴിഞ്ഞു. അതിനെ തുടന്നു് ഇസ്രായേല്യരും നാട്ടുകാരുമായി ഇടപഴകി ജീവിച്ചു. ദാവീദ് മരിച്ച

പ്പോൾ അദ്ദേഹത്തിൻെറ പുത്രനായ ശലോമോൻ രാജാവായി. "ജ്ഞാനിയായ ശലോമോൻ" എന്നാണു ചരിത്രം അദ്ദേഹത്തെക്കുറിച്ചു പറയുന്നതു്. പ്രസിദ്ധമായ യെരുശലേം ദേവാലയം പണിയിച്ചതു് അദ്ദേഹമാണു്. അങ്ങനെ യഹൂദന്മാർ അവരുടെ ചരിത്രത്തിലെ ഏററവും ഉന്നതമായ സ്ഥാനത്തെത്തി. പക്ഷേ, ആ മഹിമ വളരെക്കാലം നീണ്ടുനിന്നില്ല. അവരുടെയിടയിൽത്തന്നെ കലഹങ്ങളുണ്ടായിരുന്നു. നാട്ടിൽത്തന്നെയുള്ള മററു ശത്രുക്കളും അവരെ ഉപദ്രവിച്ചു. അങ്ങനെ ക്ഷീണിച്ചിരിക്കുന്ന അവസരത്തിലാണു് ബാബിലോണിയൻ രാജാവായ നെബുക്കദ്നെസ്സർ പലസ്തീൻനാട്ടു് ആക്രമിച്ചതു്. ബി. സി. 586-ാമാണ്ടു് അദ്ദേഹം യെരുശലേം പട്ടണം നശിപ്പിച്ചു. നെബുക്കദ്ണെസ്സർ പോയിക്കഴിഞ്ഞു് യഹൂദന്മാർ അവരുടെ തലസ്ഥാനം പുനരുദ്ധരിച്ചു. അതുകൊണ്ടും കാര്യമായില്ല. പിന്നീടും ഓരോ ആക്രമണങ്ങളിൽ യെരുശലേം നശിപ്പിക്കപ്പെട്ടു. അവസാനമായി ബി. സി. 65-ാമാണ്ടു് റോമൻസേനാനായകനായ പോമ്പെ യെരുശലേം പിടിച്ചടക്കി, ആ നഗരം പുതുക്കിപ്പണിയാൻ ശ്രമിച്ചു. അങ്ങനെ കനാൻനാട്ടു് റോമൻസാമ്രാജ്യത്തിൻെറ ഭാഗമായിക്കഴിഞ്ഞു. ആ കാലത്താണു് യേശു ജനിച്ചതു്.

യേശു ജനിച്ചകാലത്തു് യഹൂദന്മാർ എല്ലാവരും റോമൻ ആധിപത്യത്തിൽനിന്നു രക്ഷനേടാൻ മോഹിച്ചിരിക്കയായിരുന്നു. റോമൻ അധികാരത്തിനെതിരായി അനേകം ലഹളകൾ അവിടെ നടന്നിരുന്നു. അന്നു ജീവിച്ചിരുന്ന പലരും യേശുവിനെ കണ്ടതു് സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ നേതാവായിട്ടാണു്. കുറേക്കഴിഞ്ഞാണു് അദ്ദേഹത്തിനു രാഷ്ട്രീയകാര്യങ്ങളിൽ താല്പ

യ്യുമില്ല എന്നു് അവക്കു മനസ്സിലായതു്. റോമൻസാമ്രാജ്യത്തെ തോല്പിക്കാൻ ഇസ്രായേൽജനതയ്ക്കു കഴിവുണ്ടായിരുന്നില്ല. പലതരം മദ്ദനങ്ങളും ഏല്ക്കേണ്ടിവന്നതുകൊണ്ടു് അവർ കുറേശ്ശെ നാടുവിടാൻ തുടങ്ങി. ഇസ്രായേൽ ജനതയുടെ ശക്തിയും മഹിമയും അതോടെ അവസാനിച്ചു.

അതിനുശേഷം രണ്ടായിരം വർഷത്തോളം കഴിയേണ്ടിവന്നു ആ നാട്ടിൽ ഒരംശമെങ്കിലും യഹൂദന്മാരുടെ കൈവശം വന്നുചേരാൻ. ഈജിപ്തിലെ അടിമത്തത്തിൽനിന്നു കനാൻദേശത്തെത്താനുള്ള മോഹംപോലെതന്നെയാണു് ഇന്നുള്ള യഹൂദന്മാക്കു സ്വന്തമായി ഒരു രാജ്യം സ്ഥാപിക്കണമെന്ന ആഗ്രഹവും. ലോകമൊട്ടാകെയുള്ള യഹൂദന്മാരുടെ പരിശ്രമംകൊണ്ടാണു് ഇന്നു് ഇസ്രായേൽ എന്ന രാഷ്ട്രം ഉണ്ടായിരിക്കുന്നതു്. കേരളത്തിൽ ഉണ്ടായിരുന്ന യഹൂദന്മാരിൽ ഭൂരിഭാഗവും അങ്ങോട്ടു പോയിരിക്കയാണു്. പഴയ ഈജിപ്തിൽ ഒരു പുതിയ രാഷ്ട്രവും പഴയ മെസപ്പൊട്ടേമിയായിൽ പുതിയ ഇറാക്കു് രാജ്യവും ഉണ്ടായതുപോലെ യഹൂദന്മാരുടെ പുതിയ രാഷ്ട്രം പുരോഗമിക്കുമെന്നു പ്രതീക്ഷിക്കാം.

# യവനനാട്ട്

യഹൂദവർഗ്ഗം പുരോഗതിപ്രാപിച്ചുവന്ന കാലഘട്ടത്തിൽത്തന്നെ അതിനടുത്തു് മറെറാരു ജനതയും രൂപമെടുക്കാൻ തുടങ്ങി. ശലോമോൻരാജാവിന്റെ കാലത്തിനുശേഷം യഹൂദരുടെ ശക്തി ക്ഷയിച്ചുവെന്നും കുറെക്കാലത്തേയ്ക്കു് അവക്ക് ബാബിലോണിയായുടെ ആധിപത്യം സ്വീകരിക്കേണ്ടിവന്നുവെന്നും നാം കണ്ടു.

മദ്ധ്യേഷ്യയിൽനിന്നു് ഒരു വിഭാഗം ജനങ്ങൾ കാലക്ഷേപമാൎഗ്ഗമന്വേഷിച്ചു് ഏഷ്യാമൈനറിലേയ്ക്കു യാത്രയാരംഭിച്ചു. ഫറവോമാർ സിറിയൻനാടുകൾ കൈവശപ്പെടുത്തിയിരുന്ന കാലമായിരുന്നതുകൊണ്ടു് അവക്ക് തെക്കോട്ടു പോകാൻ കഴിഞ്ഞില്ല. ഈജിയൻ കടലിലെ ദ്വീപുകളിലാണു് അവർ ആദ്യം വാസമുറപ്പിച്ചതു്. ചില വിഭാഗങ്ങൾ ഗ്രീസ്‌രാജ്യത്തേക്കും പ്രവേശിച്ചു. അവരുടെ അനന്തരതലമുറകളാണു് ലോകപ്രസിദ്ധമായ ഒരു സംസ്കാരം വളത്തിയെടുത്തതു്. അവരെ ഗ്രീക്കുകാർ എന്നും യവനന്മാർ എന്നും പറയും.

**ഹോമർ**

'ഇല്ലിയഡ്' എന്ന മഹാകാവ്യത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. ഒരു കപ്പൽപ്പടയുമായി ഗ്രീക്കുകാർ ഏഷ്യാമൈനറിലെ ട്രോയിനഗരം ആക്രമിച്ച കഥയാണിതിലുള്ളതു്. (വിജയത്തിനുശേഷം സ്വദേശത്തേക്കു തിരിച്ച യൂലിസിസ് എന്ന പടനായകന്റെ അനുഭവങ്ങൾ വിവരിക്കുന്ന 'ഒഡിസ്സി' എന്നൊരു മഹാകാവ്യവുമുണ്ടു്.) ഹോമർ എന്ന അന്ധനായ ഒരു

മഹാകവി എഴുതിയതാണ് ഈ കാവ്യങ്ങൾ എന്നു പറയപ്പെടുന്നു. ക്രിസ്തുവിനു് എട്ടോ ഏഴോ നൂററാണ്ടു മുമ്പായിരിക്കണം അവ എഴുതപ്പെട്ടതു്. ഈജിപ്തുകാരെയും മററും അനുകരിച്ചാണു് യവനന്മാർ ഒരു അക്ഷരമാല ഉണ്ടാക്കിയതു്.

## ഇരുമ്പില്ല

ഈ കാലഘട്ടത്തിൽ ഗ്രീക്കുകാക്കു് ഇരുമ്പെന്ന ലോഹവുമായി പരിചയമില്ലായിരുന്നു. ഈജിപ്തുകാരെപ്പോലെ രാഷ്ട്രീയസംഘടനയോ നഗരങ്ങളോ അവക്കുണ്ടായിരുന്നില്ല. പക്ഷേ, ഈ കാര്യങ്ങൾ പ്രചരിച്ചതിനുശേഷം അവരുടെ ചിന്തയിലും ജീവിതരീതിയിലും ഒരു മാററം സംഭവിച്ചു. അവർ താമസിച്ചിരുന്ന കേന്ദ്രങ്ങൾ മതിലുകെട്ടി നഗരങ്ങളാക്കിത്തീർത്തു. യുദ്ധത്തിൽ നയിക്കുന്നയാളിനെ അവർ ഭരണാധികാരിയായി നിയമിച്ചു. ക്ഷേത്രങ്ങൾ പണിയുവാനും അവിടെ ആരാധനകൾ നടത്തുവാനും അവർ തുടങ്ങി. പരസ്പരം കുറെയൊക്കെ കലഹങ്ങൾ അവർതമ്മിലുണ്ടായിക്കൊണ്ടിരുന്നെങ്കിലും ചില നഗരങ്ങൾ അത്ഭുതകരമാംവണ്ണം പുരോഗമിച്ചു. ക്രിസ്തുവിനു് എഴുനൂറു വർഷം മുമ്പു് രൂപമെടുത്ത ആഥെൻസ്, കോരിന്തു്, സ്പാർട്ടാ, തീബ്സ് മുതലായ നഗരങ്ങൾ ഇന്നും പ്രസിദ്ധമാണു്. ഇററലിവരെയുള്ള പല ഭാഗങ്ങളിലും അവർ കുടികയറിപ്പാർത്തു പുതിയ നഗരങ്ങൾ സ്ഥാപിച്ചു. അന്നത്തെ നഗരങ്ങളിൽ പലതും പിന്നീടു നശിച്ചുപോയെങ്കിലും അവയുടെ കഥകൾ ഇന്നും ശേഷിക്കുന്നു. അതിനു പ്രത്യേകിച്ചൊരു കാരണവുമുണ്ടു്.

## ഹെറോഡോട്ടസ്

യവനർ ഭാഷ വളത്തിയെടുത്തതിൻെറ ഒരു പ്രയോജനം അതുകൊണ്ടു് അവക്ക് ചരിത്രമെഴുതാൻ കഴിഞ്ഞുവെന്നതാണ്. ഈജിപ്തിന്റെയും മററും ചരിത്രം മനസ്സിലാക്കുവാൻ എത്രയേറെ ബുദ്ധിമുട്ടും കാലതാമസവും വന്നുവെന്നു് നാം നേരത്തെ കണ്ടു. ഗ്രീസിന്റെ കാൎയ്യത്തിൽ അത്രയേറെ വിഷമമുണ്ടായില്ല. ഹെറോഡോട്ടസ് എന്ന ചരിത്രകാരനാണ് അതിനു കാരണം. അന്നു നിലവിലുണ്ടായിരുന്ന ഐതിഹ്യങ്ങളെല്ലാം കൂട്ടിച്ചേൎത്തു് അദ്ദേഹം തയാറാക്കിയ ഗ്രന്ഥത്തിൽനിന്നു പ്രാചീനഗ്രീസിനെസംബന്ധിച്ചു നമുക്കു പലതും മനസ്സിലാക്കാൻ കഴിയും. അദ്ദേഹത്തെ തുടൎന്നു് കുറേക്കൂടി ശരിയായ ചരിത്രം രചിച്ച ഒരാളുണ്ടായിരുന്നു. പേരു് തൂസിഡിഡിസ് എന്നാണ്. ഈ ചരിത്രകാരന്മാരുടെ സഹായംകൊണ്ടു് ബി. സി. ഏഴാം നൂററാണ്ടുമുതലുള്ള ഗ്രീസ്ചരിത്രം നമുക്കു മനസ്സിലാക്കാൻ കഴിയും

## ജീവിതരീതി

എണ്ണമററ ദ്വീപുകളിലും വിവിധ താഴ്വരകളിലും മററുമായി അവർ ജീവിതമുറപ്പിച്ചിരുന്നതുകൊണ്ടു് യവനന്മാർ ഒരു രാഷ്ട്രമായിത്തീൎന്നില്ല. എല്ലാ വിഭാഗങ്ങളും അവരുടെ സ്വാതന്ത്ര്യം പാലിച്ചുകൊണ്ടുതന്നെ ജീവിച്ചു. ഇടയ്ക്കിടയ്ക്കു കലഹങ്ങൾ ഉണ്ടായെങ്കിലും രാജ്യം മുഴുവനുംകൂടി കീഴടക്കാൻ ആൎക്കും കഴിഞ്ഞില്ല. ഈ നഗരങ്ങൾ മിക്കതും വളരെ ചെറുതായിരുന്നു. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ളവ വളരെ കുറയും. അവക്കെല്ലാം ജീവിതരീതിയിൽ മാത്രമേ സാമ്യമുണ്ടായിരുന്നുള്ളു. കൃഷിക്കു് അവരുടെയിടയിൽ പ്രാധാന്യം

കുറഞ്ഞു. ആട്ടുമാട്ടുകളെ വളർത്തുന്നതിൽ അവർ കുറച്ചൊക്കെ പുരോഗമിച്ചു. എങ്കിലും അവരുടെ മുഖ്യമായ തൊഴിൽ കപ്പലോട്ടമായിരുന്നു. കച്ചവടത്തിനും, മത്സ്യം പിടിക്കുവാനും, യുദ്ധത്തിനും, സഞ്ചാരത്തിനും എല്ലാം കപ്പലാവശ്യമായിരുന്നു. ഗ്രീക്കുജനത ആ പ്രവൎത്തനത്തിൽ വിജയിക്കുകയും ചെയ്തു. മാത്രമല്ലാ, ഈ പൊതുതാല്പയ്യം യവനന്മാരെ യോജിപ്പിച്ചുനിറുത്തുകയും ചെയ്തു. ഈശ്വരന്മാർ അവൎക്കു പൊതുവായിരുന്നു. സ്വതന്ത്രമായ ഈ ഐക്യത്തിൻെറ ഉദാഹരണമാണു്, അന്നവർ പതിവായി നടത്താറുണ്ടായിരുന്ന ഒളിമ്പിക് കളികൾ.

## ജനാധിപത്യം

ഗ്രീസ്രാജ്യമാകെ ഒരു നഗരത്തിനു ഭരിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഓരോ നഗരത്തിൽ ആരെങ്കിലും പരമാധികാരിയായിരിക്കുന്ന സമ്പ്രദായവും അവിടെ ചുരുക്കമായിരുന്നു. ചില നഗരങ്ങളിൽ മാടമ്പിമാർ ഉണ്ടായിരുന്നുവെങ്കിലും മററു പ്രധാനപ്പെട്ടയാളുകളെ അവഗണിച്ചുകൊണ്ടു് ഭരണം നടത്താൻ അവൎക്കു സാദ്ധ്യമല്ലായിരുന്നു. മററു നഗരങ്ങളിലാകട്ടെ, പൌരന്മാരുടെ സഭകളാണു് ഭരണം നടത്തിയതു്. അതുകൊണ്ടാണു് ജനാധിപത്യത്തിൻെറ ഉറവിടം യവനസംസ്കാരമാണെന്നു ചിലർ പറയുന്നതു്. അതു കുറെയൊക്കെ ശരിയാണു്. മദ്ധ്യേഷ്യയിൽ അലഞ്ഞുനടന്നിരുന്ന കാലത്തു് അവൎക്കുണ്ടായിരുന്ന സ്വാതന്ത്ര്യം കുറെയൊക്കെ ഗ്രീസിൽ വന്നതിനുശേഷവും യവനന്മാർ വച്ചുപുലൎത്തി. പക്ഷേ, ഇന്നത്തെ ജനാധിപത്യത്തെക്കാൾ അതിനു് ഒരു പ്രധാനപ്പെട്ട കുറവുണ്ടായിരുന്നു. നഗരത്തിൽ താമസിക്കുന്ന എല്ലാവരും പൌരന്മാരായി അംഗീകരിക്ക

പ്പെട്ടിരുന്നില്ല. അടിമകരം മുതലായി ചില വിഭാഗങ്ങളെ ഒഴിച്ചുനിറുത്തിക്കൊണ്ടാണ് അവർ അധികാരം നടത്തിയതു്. എങ്കിലും ജനാധിപത്യത്തിൻെറ കാര്യത്തിൽ യവനന്മാർ അനുമോദനാർഹമായ ഒരാരംഭം നിർവ്വഹിച്ചു.

**സംസ്കാരം**

ഇങ്ങനെ സാധാരണക്കാരനു വികസിക്കാനുള്ള അന്തരീക്ഷം ലഭിച്ചതുകൊണ്ടായിരിക്കണം ഗ്രീസിനു് സാംസ്കാരികമായി ഉയരാൻ കഴിഞ്ഞതു്. മാടമ്പിമാർക്കോ പുരോഹിതന്മാർക്കോ ഈജിപ്തു്, ബാബിലോണിയാ മുതലായ സ്ഥലങ്ങളിലുണ്ടായിരുന്ന അധികാരം ഗ്രീസിലുണ്ടായിരുന്നില്ല. ക്രിസ്തുവിനു് ആറു നൂററാണ്ടുകരം മുമ്പുതന്നെ ഗ്രീസിൽ തേൽസ്, ഹെറാക്ലിററസ് മുതലായ തത്വജ്ഞാനികരം വളർന്നുവന്നു.

ലോകചരിത്രത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമായിരുന്നു അതെന്നു ചരിത്രകാരന്മാർ പറയുന്നു. യഹൂദന്മാരുടെ പ്രവാചകനായ ഏശായായും, ശ്രീബുദ്ധനും, ചൈനയിലെ കൺഫ്യൂഷ്യസും ലാവോത്സെയുമെല്ലാം ഈ കാലത്താണു് ജീവിച്ചിരുന്നതു്.

ഇങ്ങനെ ഉണ്ടായ സാംസ്കാരികമേൽഗതിയുടെ ഭാഗമായിരുന്നു സോക്രട്ടീസും യവനസാഹിത്യവുമെല്ലാം. രാഷ്ട്രീയമായും അവർ പുരോഗമിച്ചു. പെരിക്ലീസ് എന്ന ജനനേതാവു് ഇന്നും പ്രസിദ്ധനാണു്. ആദർശലോകത്തിലും രാജ്യരക്ഷയിലും ആഥെൻസിനു് യവനനഗരങ്ങളുടെയിടയിൽ നേതൃത്വമുണ്ടായിരുന്നു. ഗ്രീസിൻെറ ചരിത്രം തെളിയിക്കുന്നതതാണു്.

## ആക്രമണങ്ങൾ

പേർഷ്യൻരാജാവായ സൈറസ് ബാബിലോൺ സാമ്രാജ്യം പിടിച്ചടക്കിയതു് നാം കണ്ടല്ലോ. അതിനു ശേഷം ബി.സി.521-ൽ ഡേറിയസ് രാജാവായപ്പോൾ അദ്ദേഹം ലോകചക്രവത്തിയായിത്തീന്നിരിക്കുന്നുവെന്നു വിചാരിച്ചു. ഗ്രീസ് മാത്രമായിരുന്നു അദ്ദേഹത്തിന്റെ കീഴിലില്ലാതിരുന്നതു്. അതുകൊണ്ടു് ഒരു സൈന്യം ശേഖരിച്ചു് അദ്ദേഹം ഗ്രീസ് ആക്രമിച്ചു. ഏഷ്യാമൈനറിൽക്കൂടി കടന്നു് ബോസ്സറസ് കടലിടുക്കിൽ വഞ്ചികൾകൊണ്ടു ചങ്ങാടമുണ്ടാക്കി അദ്ദേഹം യൂറോപ്പിലേക്കു പ്രവേശിച്ചു. അവിടെനിന്നു് അദ്ദേഹം തെക്കോട്ടു യാത്രയാരംഭിച്ചു. അതിഭീമമായ ആ സൈന്യത്തെ തടുത്തുനിറുത്തുവാൻ ഗ്രീക്കുകാക്കു ശക്തിയുണ്ടായിരുന്നില്ല. അതുകൊണ്ടു വഴിക്കുള്ള നഗരങ്ങൾ ഓരോന്നായി ഡേറിയസിനു കീഴടങ്ങി. അദ്ദേഹം ആഥെൻസിനടുത്തെത്തി മറാത്തോൺ എന്ന സ്ഥലത്തു പാളയമടിച്ചു.

ഏഷ്യാമൈനറിലെ തുറമുഖങ്ങളിൽനിന്നു് സൈന്യങ്ങളുമായി ഒരു വലിയ നാവികസംഘം മറാത്തോണിൽ എത്തി ആളിറക്കി. ഡേറിയസ് ആക്രമിക്കാനുദ്ദേശിക്കുന്നതു് ആഥെൻസിനെയാണെന്നു മനസ്സിലായപ്പോൾത്തന്നെ അവർ, ശത്രുക്കളായ സ്പാർട്ടാക്കാരുടെ സഹായമഭ്യത്ഥിച്ചുകൊണ്ടു് ഒരു ദൂതനെ അയച്ചു. (ഈ ദൂതൻ കാട്ടുപ്രദേശങ്ങളിൽക്കൂടി രണ്ടുദിവസംകൊണ്ടു നൂറുമൈൽ ഓടിയതിന്റെ സ്മരണയ്ക്കാണു് നാം ഇപ്പോൾ 'മറാത്തോൺ ഓട്ടം' എന്നു പറയുന്നതു്.) മൂന്നു ദിവസം കഴിഞ്ഞു സ്പാർട്ടാക്കാരുടെ സൈന്യം സ്ഥലത്തെത്തി. പക്ഷേ, അതിനുമുമ്പുതന്നെ യുദ്ധം നടന്നു

കഴിഞ്ഞിരുന്നു. ഡേറിയസിന്റെ സൈന്യം തോറ്റു തകരുകയുംചെയ്തു. ഇതു സംഭവിച്ചതു് ബി. സി. 490-ാമാണ്ടാണു്.

**തെർമോപൊലി**

ഡേറിയസും സൈന്യവും തോറേറാടിക്കഴിഞ്ഞു് പേർഷ്യാക്കാർ പിന്നെയും ആക്രമണത്തിനു കോപ്പുകൂട്ടി. ഡേറിയസ് മരിച്ചു. പുത്രനായ ക്സെർക്സിസ് സിംഹാസനാരൂഢനായി. അദ്ദേഹം വളരെ വലിയ ഒരു സൈന്യവുമായി യാത്രയാരംഭിച്ചു. ഡേറിയസിന്റെ മാർഗ്ഗംതന്നെയായിരുന്നു അദ്ദേഹവും പിന്തുടന്നതു്. പക്ഷേ, വർത്തമാനം നേരത്തേ ലഭിച്ചതുകൊണ്ടു ഗ്രീസ് കുറെയൊക്കെ തയ്യാറായിരുന്നു. ലക്ഷക്കണക്കിനുള്ള ഒരു സൈന്യമായിരുന്നു ക്സെർക്സിസിന്റേതു്. കടൽത്തീരത്തുവച്ചു് 1300 പേർ മാത്രമുള്ള ഒരു സ്പാർട്ടൻസൈന്യം അവരെ നേരിട്ടു. അവരെല്ലാവരും മരിച്ചു. എങ്കിലും ധീരമായ ഈ സംഭവം യവനരെ ഉന്മേഷവാന്മാരാക്കി. (സംഭവസ്ഥലത്തിന്റെ പേരാണു് തെർമോപൊലി.)

**സാലമിസ്**

തെർമോപൊലിയിൽവച്ചു പേർഷ്യൻസൈന്യത്തിനു സാരമായ ഉടവുതട്ടിയെങ്കിലും അവർ ആക്രമണം തുടന്നു. അതിഭീമമായ ആ സൈന്യത്തെ നേരിടാൻ ആരും ധൈര്യപ്പെട്ടില്ല. തീബ്സ്നഗരം കീഴടങ്ങി. ആഥെൻസുകാർ നഗരംവിട്ടു പോയി. ക്സെർക്സിസ് ആ പ്രസിദ്ധനഗരം അഗ്നിക്കിരയാക്കി.

ഇതിനിടയിൽ ഗ്രീക്കുകാരുടെ നാവികസാമർത്ഥ്യത്തിനു ഫലമുണ്ടായി. പേർഷ്യാക്കാരുടെ നാവികപ്പട

യുടെ മൂന്നിലൊന്നു കപ്പലുകഠംമാത്രമേ ഗ്രീക്കുകാൎക്കുണ്ടാ യിരുന്നുള്ളു എങ്കിലും 480 ബി. സി.-യിൽ സാലമിസ് ദ്വീപിനു സമീപംവച്ചു നടന്ന യുദ്ധത്തിൽ ഗ്രീക്കുകാർ ജയിച്ചു. പേർഷ്യൻകപ്പലുകളിൽ അപൂർവ്വമേ അവശേ ഷിച്ചുള്ളു. സൈന്യത്തിനു വേണ്ട വിഭവങ്ങഠം ഏഷ്യാ മൈനറിൽനിന്നു കൊണ്ടുവരാനുള്ള സൗകര്യം ഈ പരാ ജയംകൊണ്ടു തടയപ്പെട്ടു. സ്ഥിതി അപകടത്തിലായേക്കു മെന്നു മനസ്സിലാക്കിയ ക്സേർക്സിസ് സൈന്യത്തിൽ ഒരു വിഭാഗവുമായി പേർഷ്യയിലേക്കു തിരിച്ചുപോയി. ബാ ക്കിവന്ന സൈന്യമാകട്ടെ 479-ൽ പ്ലാറ്റീയാ എന്ന സ്ഥ ലത്തുവച്ചു ഗ്രീക്കുകാരാൽ തോല്പിക്കപ്പെട്ടു. ആ സമയത്തു തന്നെ ശിഷ്ടമുണ്ടായിരുന്ന പേർഷ്യൻനാവികസേന ഗ്രീക്കുകാരുടെ കയ്യാൽ ഒരു പരാജയംകൂടി അനുഭവി ക്കേണ്ടിവന്നു. അങ്ങനെ പേർഷ്യൻ ആക്രമണത്തിൻെറ ആപത്തും ഒഴിഞ്ഞുപോയി.

## ആഥെൻസ്

ഈ ചരിത്രസംഭവങ്ങഠംക്കുശേഷം ആഥെൻസ് വളരെ പുരോഗമിച്ചു. ശത്രുക്കഠംക്കെതിരായി ഗ്രീക്കുകാർ യോജിച്ചു നില്ക്കേണ്ടതിൻെറ ആവശ്യകത മനസ്സിലായ തുകൊണ്ടു് ആഥെൻസിൻെറ നേതൃത്വത്തിൽ ഒരു ഫെഡറേഷൻ രൂപീകരിക്കപ്പെട്ടു. ഇടയ്ക്കിടയ്ക്കു് സ്പാർട്ടാ മുതലായ നഗരരാഷ്ട്രങ്ങളുമായി യുദ്ധമുണ്ടായെങ്കിലും കുറേക്കാലത്തേക്കു് ആഥെൻസ് നേതൃത്വം വിട്ടില്ല.

പക്ഷേ, രാഷ്ട്രീയത്തേക്കാഠം മുഖ്യമായ വിഷയങ്ങ ളിലായിരുന്നു ആഥെൻസിൻെറ വിജയം. ബി. സി. 466 മുതൽ 428 വരെ ആഥെൻസ് ഭരിച്ചിരുന്നതു് പെ രിക്ലിസ് എന്ന ജനനേതാവാണു്. ആഥെൻസിൻെറ

ഏറ്റവുംമഹത്തായ കാലഘട്ടവും ഇതുതന്നെ.ക്സെർക്സിസ് കത്തിച്ചുകളഞ്ഞ ആഥെൻസ്നഗരം അദ്ദേഹം പുതുക്കിപ്പണിയിച്ചു. ബുദ്ധിപരമായിട്ടും ആഥെൻസിന്റെ സുവർണ്ണയുഗമായിരുന്നു അതു്. ഹെറോഡോട്ടസ് ചരിത്രമെഴുതി. അനക്സാഗോറാസ് ശാസ്ത്രം പഠിപ്പിച്ചു. ഈസ്കിലസ്, സോഫോക്ലിസ്, യൂറിപ്പിഡീസ് എന്ന ത്രിമൂർത്തികളുടെ നാടകങ്ങളും അന്നാണുണ്ടായതു്. പെരിക്ലിസിന്റെ കാലത്തുണ്ടായ വളർച്ച തുടർന്നുവന്നു.

പെരിക്ലിസിന്റെ മരണസമയത്തു് ഒരു പുതിയ തത്വശാസ്ത്രം പ്രസംഗിച്ചു നടന്നിരുന്ന ആളാണു് സോക്രട്ടീസ് എന്നറിയപ്പെടുന്നതു്. അജ്ഞരായ ജനങ്ങളുടെ വിധിയനുസരിച്ചു് അദ്ദേഹം കൊല്ലപ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ ശിഷ്യനായ പ്ലേറേറാ തത്വചിന്ത തുടർന്നു. ഈ പ്ലേറേറാ ആണു് 'റിപ്പബ്ളിക്' എന്ന ഗ്രന്ഥമെഴുതിയതു്. ആ പുസ്തകത്തിൽ ഒരു ആദർശരാഷ്ട്രത്തെക്കുറിച്ചു് അദ്ദേഹത്തിനുള്ള ആശയങ്ങളെ വിവരിച്ചിരിക്കുന്നു. കാവ്യശാസ്ത്രത്തെപ്പററിയും മററും തത്വങ്ങൾ സ്ഥാപിച്ച അരിസ്റ്റോട്ടിൽ പ്ലേറേറായുടെ ശിഷ്യനാണു്. ആ കാലത്തു് ഗ്രീസിനുണ്ടായിരുന്ന സാംസ്കാരികനിലവാരം ഇന്നും മനുഷ്യരെ അത്ഭുതപ്പെടുത്തുന്ന ഒന്നാണു്.

**നഗരരാഷ്ട്രത്തിന്റെ തകർച്ച**

ഇതിനിടയിൽ ആഥെൻസിന്റെ മേധാവിത്വത്തിനെതിരായി സമരങ്ങളുണ്ടായി എന്നു പറഞ്ഞല്ലോ. ബി. സി. 431 മുതൽ 404 വരെ നിരന്തരമായി യുദ്ധങ്ങളുണ്ടായി. അതിന്റെ ഫലമായി ഗ്രീക്ക്നഗരങ്ങൾ മിക്കവയും അധഃപതിച്ചു. പക്ഷേ, അതിനിടയിൽ വടക്കേ ഗ്രീസിൽ ഒരു പുതിയ ശക്തി ഉയർന്നുവന്നു.

**മാസിഡോൺ**

ഗ്രീക്ക്‌രാജ്യങ്ങളിൽ ഏററവും വടക്കുള്ള മാസിഡോൺരാജ്യം ഭരിച്ചിരുന്നതു് ഫിലിപ്പ് എന്നൊരാളായിരുന്നു. അദ്ദേഹം ബി. സി. 359-ൽ രാജാവായി. തന്റെ രാജ്യം ബലപ്പെടുത്താൻ വേണ്ടതെല്ലാം അദ്ദേഹം ചെയ്തു. ഒരു പുതിയതരം വ്യൂഹരൂപീകരണം അദ്ദേഹം കണ്ടുപിടിച്ചു. പുത്രനായ അലക്സാണ്ടറെ വിദ്യാഭ്യാസം ചെയ്യിക്കാൻ അദ്ദേഹം അരിസ്റ്റോട്ടിലിനെ ക്ഷണിച്ചുവരുത്തി. ഗ്രീസിൻെറ മിക്ക ഭാഗങ്ങളും പിടിച്ചടക്കിയതിനുശേഷം അദ്ദേഹം ഏഷ്യയിലേക്കു കടന്നു. അധികം പോകുന്നതിനു മുമ്പു് അദ്ദേഹത്തിൻെറ രാജ്ഞി അദ്ദേഹത്തെ കൊല്ലിച്ചു. അങ്ങനെയാണു് പുത്രനായ അലക്സാണ്ടറിനു് വെറും ഇരുപതു വയസ്സുള്ളപ്പോൾ രാജ്യഭരണം ലഭിച്ചതു്.

**അലക്സാണ്ടർ**

രണ്ടുവർഷത്തെ പരിശ്രമംകൊണ്ടു തൻെറ രാജ്യത്തെ കുഴപ്പങ്ങൾ അവസാനിപ്പിച്ചിട്ടു് ബി. സി. 334ൽ അലക്സാണ്ടർ ഏഷ്യയിലേയ്ക്കു കടന്നു. പല നാവികസങ്കേതങ്ങളും പേർഷ്യക്കാരുടെ കൈവശമാണെന്നറിയാമായിരുന്നതുകൊണ്ടു് അലക്സാണ്ടർ കടൽത്തീരംവഴിയാണു് സഞ്ചരിച്ചതു്. ഏഷ്യയിലേക്കു കടക്കുമ്പോൾ പിന്നിൽ പേർഷ്യാക്കാരുടെ ശക്തി ബാക്കിയുണ്ടാവരുതു് എന്നദ്ദേഹം തീരുമാനിച്ചു. സോരു്, സീദോൻ മുതലായ തുറമുഖങ്ങളെല്ലാം പിടിച്ചടക്കിക്കഴിഞ്ഞാണു് അദ്ദേഹം പേർഷ്യൻസാമ്രാജ്യത്തിൻെറ നേരെ ആക്രമണമാരംഭിച്ചതു്. ഇതിനിടയിൽ ഈജിപ്തിൽ പോയി ആ

രാജ്യവും പേർഷ്യാക്കാരിൽനിന്നു് അദ്ദേഹം പിടിച്ചെടുത്തു.

അതിനുശേഷം അലക്സാണ്ടർ പേർഷ്യൻ സാമ്രാജ്യത്തിൻെറ ഉള്ളിലേക്കു കടന്നു. പഴയ നിനുവപ്പട്ടണത്തിനു സമീപംവച്ചു് ഡേറിയസ് മൂന്നാമന്റെ സൈന്യത്തെ അദ്ദേഹം തോല്പിച്ചു. ബാബിലോണിയാ, സൂസാ, പെർസപോലിസ് എന്നീ നഗരങ്ങളെല്ലാം അദ്ദേഹം പിടിച്ചടക്കി. ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാൻ അലക്സാണ്ടർ തയ്യാറായിരുന്നില്ല. മദ്ധ്യേഷ്യയിൽക്കൂടി അദ്ദേഹം ഇന്ത്യയിലെത്തി പോറസ് രാജാവിനെ തോല്പിച്ചു. അതിനുശേഷം സിന്ധുനദിയിൽവെച്ചു കപ്പലുകൾ പണിതു് അദ്ദേഹം കടലിലെത്തി പേർഷ്യയിലേക്കു തിരിച്ചുപോയി. 324 ബി. സി.യിൽ അദ്ദേഹം സൂസാനഗരത്തിലെത്തിയെങ്കിലും അടുത്തവഷം അദ്ദേഹം പനിപിടിച്ചു മരിച്ചു.

അലക്സാണ്ടറുടെ മരണത്തോടുകൂടി അദ്ദേഹം നിമ്മിച്ച സാമ്രാജ്യം അനേകഭാഗങ്ങളായി പിരിഞ്ഞു. പല സേനാനായകന്മാരും സ്വന്തമായി ഓരോ നാടു ഭരിക്കാൻ തുടങ്ങി. സെല്യൂക്കസ്സും ടോളമിയും ഓരോ നാട്ടിൽ ഭരണമാരംഭിച്ചതു് നാം കണ്ടുകഴിഞ്ഞല്ലോ.

ഇതോടുകൂടി ഗ്രീസിൻെറ രാഷ്ട്രീയശക്തി അവസാനിച്ചുവെന്നുതന്നെ പറയാം. പക്ഷേ, അവർ മനുഷ്യസംസ്കാരത്തിനു നല്കിയ സംഭാവന അനശ്വരമാണു്. അന്നു് അവർ സൃഷ്ടിച്ച ആശയങ്ങളും കലയും ഇന്നും മനുഷ്യൻെറ വളർച്ചയെ സഹായിക്കുന്നുണ്ടു്.

# സംസ്കാരത്തിൻെറ പടിവാതിൽക്കൽ

മനുഷ്യസംസ്കാരത്തിൻെറ താരാട്ടുതൊട്ടിൽ എന്നറിയപ്പെടുന്ന പശ്ചിമേഷ്യയിലും മററും പ്രാചീനകാലത്തുണ്ടായിരുന്ന ചില സംസ്കാരങ്ങളെപ്പററിയാണു് നാമിതുവരെ വായിച്ചതു്. അവയ്ക്കും പുറമേ മററുപല കേന്ദ്രങ്ങളിലും ഓരോതരം സംസ്കാരം കെട്ടിപ്പടുക്കപ്പെട്ടിട്ടുണ്ടു്. സിന്ധുനദീതീരത്തെ മോഹൻ-ജോ-ദാരോ, ഹരപ്പാ എന്നിവയെപ്പററി ഇന്ത്യാചരിത്രത്തിൻെറ ആദ്യഭാഗത്തു വിവരിച്ചിരിക്കുന്നു. ചൈനയിൽ പ്രാചീനകാലത്തുണ്ടായിരുന്ന സംസ്കാരങ്ങളെ സംബന്ധിച്ചും ഇന്നു കുറെയൊക്കെ അറിയാം. നവലോകം എന്നു പറയപ്പെട്ടുന്ന അമേരിക്കയിൽ യൂറോപ്യന്മാർ എത്തുന്നതിനും മുമ്പു ചില സംസ്കാരങ്ങൾ നിലനിന്നിരുന്നു. മെക്സിക്കോരാജ്യത്തെ അസ്റ്റെക്സംസ്കാരം, പെറുരാജ്യത്തെ ഇങ്കാസംസ്കാരം എന്നിവയെല്ലാം പ്രസിദ്ധമാണു്.

ഇവയ്ക്കെല്ലാം പുറമെ ഭൂമിയിൽ മററു പല സ്ഥലങ്ങളിലും പണ്ടു് ഓരോ സംസ്കാരങ്ങൾ നിലവിലിരുന്നതായി തെളിവു കിട്ടിയിട്ടുണ്ടു്. അവയെല്ലാം മണ്ണിനടിയിലായിക്കഴിഞ്ഞു എന്നതു് വാസ്തവംതന്നെ. പക്ഷേ, അവയോരോന്നും മനുഷ്യരാശിയുടെ സംസ്കാരത്തിനു വിലയേറിയ പല സംഭാവനകളും നല്കിയിട്ടുണ്ടു്. അവയുടെ വൈശിഷ്ട്യമെന്തെന്നു മനസ്സിലാക്കിയാലേ മനുഷ്യനു പുരോഗമിക്കാൻ കഴിയൂ. എന്തു പാഠങ്ങളാണു് അവ പഠിപ്പിക്കുന്നതു്?

## ജീവിതായോധനം

കഥയിൽ പ്രത്യക്ഷപ്പെട്ട ഓരോ ജനതയും കാലക്ഷേപമാർഗ്ഗത്തെത്തേടി അലയുന്നതു നാം കണ്ടു. ചിലർ കേവലം വേട്ടക്കാരായിരുന്നു. വനത്തിലെ സസ്യങ്ങളും ഓടിനടക്കുന്ന ജന്തുക്കളും ആഹാരമാക്കി ജീവിച്ചിരുന്നവരായിരുന്നു ചിലർ. അതിനടുത്ത പടിയാണു് മൃഗങ്ങളെ മെരുക്കി വളർത്തുക എന്നതു്. യഹൂദവർഗ്ഗവും മററും ഇടയന്മാരായിട്ടാണു് ചരിത്രമാരംഭിക്കുന്നതു്. ഈജിപ്തിലാണു് കൃഷിക്കു ശരിയായ പ്രാധാന്യം ലഭിച്ചതു്. പലതരം വിളവുകൾ അവർ വളർത്തി എന്നു മാത്രമല്ല, പുതിയ കാർഷികവിദ്യകളും അവർ കണ്ടുപിടിച്ചു. വെള്ളം തേകിയൊഴിക്കാനും ചിറകൾ കെട്ടാനുമെല്ലാം അവർക്കു കഴിഞ്ഞു. ഇതിനും പുറമെ ചെറിയ കൈത്തൊഴിലുകളും അവർ വശമാക്കി.

ഉപകരണങ്ങളുടെ ഉല്പാദനമായിരുന്നു സുപ്രധാനമായ ഒരു കാൽവെപ്പു്. കൃഷിയായുധങ്ങൾക്കുപുറമേ യുദ്ധത്തിനുള്ള ആയുധങ്ങളും അവർ ഉണ്ടാക്കി. ഗൃഹോപകരണങ്ങളുടെ നിർമ്മാണവും പുരോഗമിച്ചു. രഥങ്ങൾ, കപ്പലുകൾ മുതലായവ അന്നാണുണ്ടായതു്.

## വാസ്തുവിദ്യ

കെട്ടിടനിർമ്മാണകലയിൽ ഇപ്പറഞ്ഞ പ്രാചീനവർഗ്ഗങ്ങളുടെ നേട്ടങ്ങൾ അത്ഭുതകരമാണു്. പിരമിഡുകളുടെ മഹിമ നാം കണ്ടുകഴിഞ്ഞു. ബാബിലോണിലെയും ഗ്രീസിലെയും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും വളരെ വിശിഷ്ടമാണു്. അവയിൽ വളരെ ചുരുക്കം മാത്രമേ ഇന്നു് അവശേഷിച്ചിട്ടുള്ളൂ. എങ്കിലും അവയുടെ ഗുണഗണങ്ങൾ മനസ്സിലാക്കാൻ നമുക്കു് വിഷമമില്ല. പൊതുനിര

ത്തുകളും കോട്ടകളും സാധാരണഗൃഹങ്ങളും എല്ലാം അന്ന് പണിയപ്പെട്ടിരുന്നു. നൈൽനദിയിൽനിന്നു ചെങ്കടലിലേക്ക് ഒരു തോടുപോലും അക്കാലത്തു വെട്ടപ്പെട്ടുകയുണ്ടായി എന്നു പറയുമ്പോൾ അന്നത്തെ നിർമ്മാണകല എത്ര വളൎന്നിരുന്നു എന്നു മനസ്സിലാക്കാമല്ലോ.

**രാഷ്ട്രനിർമ്മാണം**

മനുഷ്യൻ കൂട്ടമായി ജീവിക്കാൻ പഠിച്ചുവെന്നു മാത്രമല്ല, രാഷ്ട്രമായി സംഘടിക്കുന്നതെങ്ങനെയെന്നും അവൻ മനസ്സിലാക്കി. ഈജിപ്തുകാർ വളരെ സമൎത്ഥമായ ഒരു രാഷ്ട്രസംഘടന രൂപീകരിച്ചു. ബാബിലോണിയാക്കാർ അതിനെ സ്വീകരിച്ചു പരിഷ്കരിച്ചു. മോശയാണെങ്കിൽ നാല്പതുവൎഷത്തെ പരിശ്രമംകൊണ്ടാണ് യഹൂദവൎഗ്ഗത്തിന് ഒരു സംഘടനയുണ്ടാക്കിയതു്. ഗ്രീസിൻെറ കാലഘട്ടമായപ്പോഴേയ്ക്കും ജനാധിപത്യത്തിൻെറ ആശയംകൂടി അംഗീകൃതമായി. മോശയുടെയും ഹമുറാബിയുടെയും പെരിക്ലിസിൻെറയും എല്ലാം അനുഭവങ്ങളിൽനിന്ന് ഇന്നത്തെ ലോകത്തിനുപോലും പല പാഠങ്ങളും പഠിക്കാനുണ്ടു്. നിയമബോധവും ഭരണസമ്പ്രദായവും എല്ലാം അക്കാലത്തുതന്നെ വളൎന്നു. വെറും സ്വാതന്ത്ര്യത്തയ്ക്കുപരിയായി നീതിബോധവും ക്രമേണ ഉയൎന്നുവന്ന ഒരു കാലഘട്ടമാണതു്.

**മതങ്ങൾ**

നാം പരിശോധിച്ച കാലഘട്ടം തത്വചിന്താപരമായിട്ടും സുപ്രധാനമാണു്. മോശയും മോശയെ തുടൎന്നുവന്ന പ്രവാചകന്മാരുമാണ് യഹൂദമതത്തിന് രൂപം കൊടുത്തതു്. പേർഷ്യയിൽ സോറാസ്റ്ററുടെ വിശ്വാസം ഉണ്ടായതും അക്കാലത്തുതന്നെ. ചൈനയിലെ കൺഫ്യൂ

ഷ്യസും ലാവോത്സെയും ഇന്ത്യയിലെ ഭഗവാൻബുദ്ധനം എല്ലാം ഏതാണ്ട് ഒരേകാലത്തുതന്നെ പ്രത്യക്ഷപ്പെട്ടവരാണ്. കുറേക്കൂടി കഴിഞ്ഞു് യേശുവും വന്നു. ഇതിന്റെയെല്ലാം ഫലമായി മനുഷ്യനു ലഭിച്ച ആദ്ധ്യാത്മികോൽക്കർഷം അവനെ മൃഗലോകവുമായി വേർതിരിച്ചു. അത്രയേറെ മൗലികമായിരുന്നു അന്നത്തെ സംസ്കാരത്തിന്റെ വളർച്ച.

## കലകൾ

ഈ വളർച്ചയുടെ ഒരു ഭാഗമായിട്ടാണ് സാഹിത്യാദികലകൾ അഭിവൃദ്ധിപ്പെട്ടതു്. വാസ്തുവിദ്യയുടെ വളർച്ചയോടുകൂടി ശില്പകലയും ചിത്രകലയുമെല്ലാം വളന്നു. പിരമിഡുകൾക്കകത്തെ ചിത്രങ്ങളും ഗ്രീസിലെ പ്രതിമകളുമെല്ലാം ഇന്നും മനുഷ്യവർഗ്ഗത്തെ അത്ഭുതപ്പെടുത്തുന്നു. അത്രയേറെ വിശിഷ്ടമാണവ.

പക്ഷേ, ഇവയിലെല്ലാം കൂടുതൽ പ്രാധാന്യമുള്ള പുരോഗതിയാണ് ശാസ്ത്രത്തിലും സാഹിത്യത്തിലുമുണ്ടായതു്. ജ്യോതിശ്ശാസ്ത്രത്തിലും മററും ഉണ്ടായ വളർച്ച നാം കണ്ടുകഴിഞ്ഞു. സാഹിത്യത്തിലും സംഗീതത്തിലും അതുപോലെതന്നെയുള്ള വികാസമുണ്ടായി. ഭാഷയും അക്ഷരമാലയും ഉണ്ടായി അധികകാലം കഴിയുന്നതിനുമുമ്പുതന്നെ യവനനാടകങ്ങളും ഇസ്രായേലിന്റെ സങ്കീർത്തനങ്ങളും ആവിർഭവിച്ചു എന്നതു് വലിയ അത്ഭുതംതന്നെയാണ്.

## പാരമ്പര്യത്തിന്റെ മഹിമ

ഇതുവരെ വിവരിച്ചതും അതുപോലുള്ള അനേകായിരം സാംസ്കാരികാംശങ്ങളുംകൂടിച്ചേർന്നാണ് ഇന്നത്തെ മനുഷ്യവർഗ്ഗം ഉണ്ടായിത്തീർന്നതു്. കഴിഞ്ഞ ഇരുപതു

ന്തററാണ്ടുകളായി ഭൂമുഖത്തു വളൻവന്ന എല്ലാ സംസ്കാരങ്ങൾക്കും പ്രാചീനകാലങ്ങളോടു കടപ്പാടുണ്ടു്. കഴിഞ്ഞതിൽനിന്നു പഠിക്കാനും, പുതിയതിനെ അന്വേഷിച്ചുപോകാനും ഉള്ള വിവേകംകൊണ്ടാണു് മനുഷ്യവൎഗ്ഗം പുരോഗമിക്കുന്നതു്.

## പടിവാതില്ക്കൽ

പക്ഷേ, ഒന്നും നാം മറന്നുകൂടാ. നാം ഇന്നും സംസ്കാരത്തിൻെറ പടിവാതില്ക്കലേ എത്തിയിട്ടുള്ളൂ. വഴി ഇനിയും വളരെയുണ്ടു്. പ്രാചീനകാലം മുതൽ ഇന്നത്തെ ലോകംവരെയുള്ള പരിവൎത്തനം കാണുമ്പോൾ നമുക്കു മനസ്സിലാകും, ഇനിയെത്രമാത്രം വളർച്ചയ്ക്കു് സാധ്യതകളുണ്ടെന്നു്. ലഭിച്ചതിൽ അഹങ്കരിച്ചു് അലസരായിത്തീൎന്ന ജനതകൾ നശിച്ചതു നാം കണ്ടുകഴിഞ്ഞു. പുതിയ ചക്രവാളങ്ങളെത്തേടി മുന്നോട്ടുപോയി മനുഷ്യർ വിജയംവരിച്ച കഥയും ആ കാലത്തു നടന്നിട്ടുണ്ടു്. ഇന്നത്തെ മനുഷ്യൻെറ കൎത്തവ്യം മനുഷ്യസംസ്കാരത്തിന്റെ ഭൂതകാലം വിനയത്തോടെ ഗ്രഹിച്ചു് ഉന്മേഷവാന്മാരായി ഭാവിയിലേക്കു നടക്കുക എന്നതാണു്.

★

LIBRARY

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 906 Acc. No. 11681

This book should be returned on or before the date last stamped below.

13 OCT 2012

14 NOV 2012

If the book is not returned on due date
a fine of 20 Ps. per day will be charged

൧൦൦ 11681

തോമസ് - സി - ജെ

മനുഷ്യന്റെ വളർച്ച

KOTTAYAM PUBLIC LIBRARY
Call No. 900 Acc. No. 11681
Author തോമസ്. സി. ജെ
Title മനുഷ്യന്റെ കഥ

Indic Digital Archive Foundation
gpura.org